സ്റ്റാൻഡേർഡ്

X

# മലയാളം

## സ്പെഷ്യൽ സ്കൂൾ (HI)

# ചോദ്യശേഖരം

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

*തയാറാക്കിയത്*

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി** (SCERT)

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

Phone: 0471 - 2341883, 2340323, e-mail: scertkerala@gmail.com

*Prepared by:*
State Council of Educational
Research & Training (SCERT)
Poojappura, Thiruvananthapuram -12,
Kerala. E-mail:scertkerala@gmail.com

*Type setting by:*
SCERT Computer Lab.

©
Government of Kerala
Education Department
2016

# ആമുഖം

പഠനപുരോഗതി മനസ്സിലാക്കാനും മെച്ചപ്പെടുത്താനും പഠനത്തോടൊപ്പം വിലയിരുത്തലും നടക്കേണ്ടതുണ്ട്. ആശയരൂപീകരണത്തിൽ എത്രത്തോളം മുന്നേറാൻ കഴിഞ്ഞിട്ടുണ്ടെന്നും വിവിധ നൈപുണികൾ എത്രത്തോളം നേടാൻ കഴിഞ്ഞിട്ടുണ്ടെന്നും ഏതൊക്കെ മേഖലകളിലാണ് പ്രത്യേക അഭിരുചിയുള്ളതെന്നും തിരിച്ചറിയാൻ ഇത് സഹായകമാകുന്നു. പഠനപ്രവർത്തനങ്ങളോടൊപ്പം നടത്തുന്ന നിരന്തര വിലയിരുത്തൽ ഇതിൽ വളരെ പ്രധാനപ്പെട്ടതാണ്. ഓരോ ഘട്ടത്തിലും കൈവരിച്ച പഠനനേട്ടങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്താൻ ടേം മൂല്യനിർണയം സഹായിക്കുന്നു. അതിലേക്കുള്ള വഴികാട്ടിയായാണ് ഈ പുസ്തകം രൂപപ്പെടുത്തിയിട്ടുള്ളത്.

പത്താം ക്ലാസിലെ ഓരോ യൂണിറ്റിലെയും പാഠങ്ങൾ ജ്ഞാനനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള പഠനപ്രവർത്തനങ്ങളായി ചോദ്യമാതൃകയിൽ ചേർത്തിരിക്കുന്നു. ഓരോ ഘട്ടത്തിലും കുട്ടി നേടുന്ന ശേഷികൾ മൂല്യനിർണയം ചെയ്യാൻ മൂല്യനിർണയസൂചകങ്ങളും സ്കോറും നൽകിയിട്ടുണ്ട്. ഇവ കൂടാതെ കൂടുതൽ പഠനപ്രവർത്തനങ്ങൾ ക്ലാസിൽ അവതരിപ്പിച്ച് കുട്ടികളിൽ ആത്മവിശ്വാസം വർധിപ്പിക്കാൻ അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

ഫലപ്രദമായ ഭാഷാപഠനത്തിന് ഈ പുസ്തകം വഴികാട്ടിയാകട്ടെ.

ആശംസകളോടെ,

**ഡോ.ജെ.പ്രസാദ്**

**ഡയറക്ടർ**

# ഉള്ളടക്കം

**പാർട്ട് എ**

ചോദ്യശേഖരം

**കേരളപാഠാവലി**

1. കാലാതീതം കാവ്യവിസ്മയം
2. അനുഭൂതികൾ ആവിഷ്കാരങ്ങൾ
3. സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ
4. വാക്കുകൾ സർഗതാളങ്ങൾ
5. കലകൾ കാവ്യങ്ങൾ

**അടിസ്ഥാനപാഠാവലി**

1. ജീവിതം പടർത്തുന്ന വേരുകൾ
2. നിലാവുപെയ്യുന്ന നാട്ടുവഴികൾ
3. വാക്കുകൾ വിടരുന്ന പുലരികൾ

**പാർട്ട് ബി**

മൂല്യനിർണയസൂചകങ്ങൾ

**പാർട്ട് സി**

മാതൃകാ ചോദ്യപേപ്പറുകൾ

# കേരളപാഠാവലി

## 1

## കാലാതീതം കാവ്യവിസ്മയം

പഠനനേട്ടം

- കാവ്യഭാഗങ്ങൾ വായിച്ച് അവയിലെ ആവിഷ്കാരസവിശേഷതകൾ തിരിച്ചറിഞ്ഞ് വ്യത്യസ്ത വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നതിന്.

■ **ലക്ഷ്മണസാന്ത്വനം**

? ക്രോധം മൂലം മനുഷ്യൻ വരുത്തി വയ്ക്കുന്ന വിനകളെക്കുറിച്ച് താഴെ കൊടുത്തിരിക്കുന്ന സൂചനകൾ വികസിപ്പിച്ച് എഴുതുക.




*(സ്കോർ : 8)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- സവിശേഷതകൾ തിരിച്ചറിയുന്നതിന് (4)
- സൂചനകൾ വികസിപ്പിക്കുന്നതിന് (4)

പഠനനേട്ടം

- കവിത വിശകലനം ചെയ്ത് ഭാഷാപരമായ പ്രത്യേകതകൾ കണ്ടെത്തുന്നു.

? 'ക്രോധ മൂലം മനസ്താപമുണ്ടായ് വരും'

താഴെ തന്നിരിക്കുന്നവയിൽ ഈ വരികളുടെ ആശയവുമായി ബന്ധമില്ലാത്തതേത്?

- കോപത്തിൽ തുടങ്ങിയാൽ താപത്തിൽ തീരും.
- കോപം വരുമ്പോൾ നാമം ജപിക്കുക.
- ഒരു കോപം കൊണ്ടങ്ങോട്ടു ചാടിയാൽ ഇരുകോപം കൊണ്ടിങ്ങോട്ടു പോരാമോ?
- കോപമാകുന്നത് വിത്തെന്നറിയണം

  പാപമാകുന്ന മരാമരത്തിന്നെടോ. *(സ്കോർ : 2 സമയം : 2 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ആശയവുമായി ബന്ധമില്ലാത്തതു കണ്ടെത്തിയിട്ടുണ്ട് (കോപം വരുമ്പോൾ നാമം ജപിക്കുക).

പഠനനേട്ടം

- വ്യത്യസ്ത വ്യവഹാരരൂപങ്ങളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് ആശയങ്ങൾ അവയ്ക്കുചിതമായി അവതരിപ്പിക്കുന്നു.

- **യുദ്ധത്തിന്റെ ഭീകരത വെളിവാക്കുന്ന ചിത്രം**
- 'ക്രോധം പരിത്യജിക്കേണം ബുധജനം'-

മുകളിൽ കൊടുത്തിരിക്കുന്ന ചിത്രവും കവിതാ വരിയും തമ്മിൽ ബന്ധപ്പെടുത്തി എഴുതുക.

■ **മൂല്യനിർണയ സൂചകങ്ങൾ**

- ചിത്രത്തിന്റെ ആശയം മനസ്സിലാക്കുന്നതിന് (2)
- കവിതയുടെ ആശയവും ചിത്രവും ബന്ധപ്പെടുത്തി എഴുതുന്നതിന് (2)

പഠനനേട്ടം

- ലേഖനഭാഗം വായിച്ച് വിശകലനം ചെയ്ത് പ്രധാന വസ്തുതകൾ കണ്ടെത്തുന്നു.

ആറു സർഗങ്ങളുള്ള ഒരു ചെറുകാവ്യമാണ് 'ഋതുസംഹാരം.' ഇതിൽ ഗ്രീഷ്മം മുതൽ ആരു ഋതുക്കളെയും ക്രമത്തിൽ വർണിച്ചിരിക്കുന്നു. ഋതുഭേദം പ്രകൃതിയിൽ വരുത്തുന്ന പരിവർത്തനങ്ങളെയും മനുഷ്യമനസ്സിൽ ഈ പരിവർത്തനങ്ങളുടെ ഫലമായി ഉദയം കൊള്ളുന്ന സുഖതൃഷ്ണകളെയും ലളിതഭാഷയിൽ ഈ കാവ്യത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഇതിൽ കവിയുടെ അഗാധമായ പ്രകൃതി സ്നേഹവും സൂക്ഷ്മ നിരീക്ഷണ ശക്തിയും നിഴലിച്ചു കാണുന്നുണ്ടെങ്കിലും ഗാംഭീര്യമുള്ള ആശയങ്ങളോ അനുബന്ധമായ ഒരു ജീവിത നിരീക്ഷണമോ. മിക്കവാറും ഇല്ലെന്നു തന്നെ പറയാം. അതിനാൽ വളരെയധികം നിരൂപകന്മാർ ഇതിന്റെ കർത്തൃത്വം കാളിദാസനിൽ ആരോപിക്കുന്നതിനുതന്നെ മടിക്കുന്നുണ്ട്. എങ്കിലും കാളിദാസന്റെ ആദ്യ കൃതിയായി ഋതുസംഹാരത്തെ കണക്കാക്കുന്നതിൽ വിരോധമില്ലെന്നു തോന്നുന്നു.

- കാളിദാസന്റെ ആദ്യ കൃതി ഏത്?
- ഗ്രീഷ്മം മുതൽ ആറ് ഋതുക്കളെയും ക്രമത്തിൽ വർണിച്ചിരിക്കുന്ന ചെറുകാവ്യം?
- ഋതു സംഹാരം എന്ന കാവ്യത്തിലെ പ്രതിപാദനമെന്ത്?
- ഋതുസംഹാരത്തിന്റെ കർത്തൃത്വം കാളിദാസനിൽ ആരോപിക്കാൻ മടിക്കുന്നത് എന്തുകൊണ്ട്?

*(സ്കോർ : 6)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ഉചിതമായ ഉത്തരങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (6)

## ■ അമ്മ

പഠനനേട്ടം

- വ്യത്യസ്ത കാലഘട്ടങ്ങളിലെ കഥകൾ വായിക്കുകയും അവയുടെ ആഖ്യാനപരമായ സവിശേഷതകൾ തിരിച്ചറിയുകയും കഥാപാത്രങ്ങളുടെ സ്വഭാവ സവിശേഷത കണ്ടെത്തുകയും ചെയ്യുന്നു.

ഗാന്ധിജി എന്തു സാധനമാണെന്നറിയാതെ എന്റെ മാതാവ് പേടിച്ചമ്പരന്നുപോയി.

" ഹോ....... എന്റെ മകനേ!......" (6)

"ഓ..... ചോറും കറിയും വെച്ച് എല്ലാ രാത്രിയിലും ഞാൻ കാത്തിരിക്കും."

ഈ സംഭാഷണങ്ങളിൽ നിന്നും വ്യക്തമാകുന്ന ഉമ്മയുടെ സ്വഭാവ സവിശേഷത കൾ വ്യക്തമാക്കുക.

■ **മൂല്യനിർണയ സൂചകങ്ങൾ**

- സന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്. (2)
- സ്വഭാവസവിശേഷതകൾ വ്യക്തമാക്കിയിട്ടുണ്ട് (2)
- സംഭാഷണങ്ങളിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട് (2)

**പഠനനേട്ടം**

- വ്യത്യസ്ത കാലഘട്ടങ്ങളിലെ കഥകൾ വായിക്കുകയും അവയുടെ ആഖ്യാനപര മായ സവിശേഷതകൾ തിരിച്ചറിയുകയും കഥാപാത്രങ്ങളുടെ സ്വഭാവ സവിശേ ഷത കണ്ടെത്തുകയും ചെയ്യുന്നു.

"ഇന്ത്യ എന്റെ അമ്മയല്ലേ? എന്നെ പ്രസവിച്ച എന്റെ അമ്മ എന്നെ പ്രതീക്ഷിക്കു ന്നപോലെ ഭാരതവും എന്നെ പ്രതീക്ഷിക്കുന്നില്ലേ?"

- ഇന്ത്യയെ അമ്മയായി കാണുന്ന എഴുത്തുകാരനെയാണ് ഈ രചനയിൽ കാണാൻ കഴിയുന്നത്. ഈയൊരു നിലപാട്, 'അമ്മ' എന്ന കഥയ്ക്കു നൽകുന്ന സവിശേഷ തകൾ എന്തെല്ലാമാണ്? ലഘുകുറിപ്പ് തയാറാക്കുക. (6)

■ **മൂല്യനിർണയ സൂചകങ്ങൾ**

- സന്ദർഭം വിശകലനം ചെയ്തിട്ടുണ്ട് (2)
- ആശയം തിരിച്ചറിഞ്ഞിട്ടുണ്ട് (2)
- കഥയുടെ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട് (2)

**പഠനനേട്ടം**

- പദങ്ങളുടെ അർഥവ്യത്യാസം കണ്ടെത്തുന്നതിന്.

- ഇന്ത്യയിലെ ദരിദ്രകോടികൾ കഞ്ഞിക്കും കറിക്കും ഉപയോഗിക്കുന്ന ഉപ്പിനുകൂടി വിദേശത്തുനിന്നു വലിഞ്ഞുകയറി ആധിപത്യമുറപ്പിച്ച ബ്രിട്ടീഷ് ഗവണ്മെന്റ് <u>കരം</u> ചുമത്തിയിരുന്നു.
- അതിഥിയെ ഗൃഹനാഥൻ <u>കരം</u> കൊടുത്തു സ്വീകരിച്ചു.

അടിവരയിട്ട പദങ്ങൾ സമാനാർഥമാണോ നൽകുന്നത്? കണ്ടെത്തുക.

*(സ്കോർ: 2 ,സമയം : 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പദം നൽകുന്ന അർഥവ്യത്യാസം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)

2

# അനുഭൂതികൾ ആവിഷ്കാരങ്ങൾ

## ■ വിശ്വരൂപം

**പഠനനേട്ടം**

- വാക്യങ്ങളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് പദങ്ങൾ വ്യത്യസ്ത സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.

? "ചക്രവർത്തിനിയുടെ ജന്മമാണ് അവർക്ക് - ആരുടെ മുന്നിലും തല കുനിക്കില്ല."
അവർ തലകുനിച്ചു.

അടിവരയിട്ട പദങ്ങളുടെ അർഥവ്യത്യാസം കണ്ടെത്തുക.

*(സ്കോർ-2 )*

■ ***മൂല്യനിർണയ സൂചകങ്ങൾ***

- അർഥവ്യത്യാസം കണ്ടെത്തിയിട്ടുണ്ട് (2)

**പഠനനേട്ടം.**

- ഘടകപദങ്ങൾ കണ്ടെത്തുന്നതിന്

? - ഞാനൊരാശ്രിതയാവാനാഗ്രഹിക്കുന്നില്ല. (2)

- ഒറ്റയൊറ്റപ്പദങ്ങളായി പിരിച്ചെഴുതുക.

*(സ്കോർ-2)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ഒറ്റയൊറ്റപ്പദങ്ങൾ (ഞാൻ, ഒരു, ആശ്രിത, ആവാൻ ആഗ്രഹിക്കുന്നില്ല. (1)

## ■ പ്രിയദർശനം

**പഠനനേട്ടം**

- കാവ്യഭാഗങ്ങളിലെ ആശയം, പ്രയോഗ സവിശേഷതകൾ എന്നിവ കണ്ടെത്തി കുറിപ്പ് തയാറാക്കുക.

? " അന്യജീവനുതകി സ്വ ജീവിതം
ധന്യമാക്കുമമലേ ! വിവേകികൾ."

തന്നിരിക്കുന്ന വരികളിൽ സൂചിപ്പിച്ചിരിക്കുന്ന ആശയം വ്യക്തമാക്കുക.

■ **മൂല്യനിർണയ സൂചകങ്ങൾ**

- ആശയം വ്യക്തമാക്കുന്നതിന് (4)

**പഠനനേട്ടം**

- കഥാപാത്രം നിരൂപണം തയാറാക്കുന്നു.

? "അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി."

- സാരമില്ല മകനേ, ഇനിയൊന്നും ഓർമ്മിക്കേണ്ടതില്ല."
- "മണ്ണ് മൂടുന്നതിനുമുമ്പ് കണ്ടുണ്ണിയുടെ മുഖം വെള്ളായിയപ്പൻ ഒരു നോക്ക് കണ്ടു. ആ നെറ്റിയിൽ കൈപ്പടം വച്ച് അനുഗ്രഹിച്ചു." *(കടൽത്തീരത്ത്)*

  വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

■ ***മൂല്യനിർണയ സൂചകങ്ങൾ***

- കഥാസന്ദർഭങ്ങൾ തിരിച്ചറിയുന്നു. (2)
- സൂചനകൾ വികസിപ്പിക്കുന്നു. (3)
- കഥാപാത്രത്തിന്റെ സ്വഭാവം വിശകലനം ചെയ്ത് നിരൂപണം തയാറാക്കുന്നു (3)

*(സ്കോർ : 8 സമയം : 15 മിനിറ്റ്)*

പഠനനേട്ടം

- കഥാസന്ദർഭങ്ങളിൽ വാക്യങ്ങൾക്കുള്ള സവിശേഷാർഥം കണ്ടെത്തുന്നു

"ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തി നോക്കി. പാറാവുകാരന്റെ മുഖം പെട്ടെന്നു കനിവുറ്റതായി." പാറാവുകാരന്റെ ഭാവം മാറാൻ കാരണമെന്ത്? (1)

എ. വൃദ്ധന്റെ പെരുമാറ്റം കണ്ടിട്ട് ബി) ഗ്രാമീണനായതുകൊണ്ട്.

സി. വൃദ്ധൻ ക്ഷീണിതനാണെന്നറിഞ്ഞ്, ഡി. കണ്ടുണ്ണിയുടെ പിതാവാണെന്നറിഞ്ഞ്.

■ ***മൂല്യനിർണയ സൂചകങ്ങൾ***

- ശരിയായ ഉത്തരം കണ്ടെത്തുന്നു. (2)

*സ്കോർ, 2 സമയം : 4 മിനിറ്റ്*

പഠനനേട്ടം

- കവിതയിലെ ആശയം സമകാലികാവസ്ഥകളുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുന്നതിന്.

- 'അന്യജീവനുതകി സ്വജീവിതം
  ധന്യമാക്കുമമലേ! വിവേകികൾ.' (നളിനി)
- അവനവനാത്മസുഖത്തിനാചരിക്കുന്നവ-
  യപരന്ന് സുഖത്തിനായ് വരേണം (ശ്രീനാരായണഗുരു)

തന്നിരിക്കുന്ന വരികളിലെ ജീവിതദർശനം താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

*(സ്കോർ : 6 സമയം : 15 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കാവ്യഭാഗത്തിന്റെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- ജീവിതദർശനം കണ്ടെത്തിയിട്ടുണ്ട്. (2)
- താരതമ്യം ചെയ്ത് സ്വന്തം നിരീക്ഷണം ചിട്ടപ്പെടുത്തി അവതരിപ്പിച്ചിട്ടുണ്ട്. (2)

പഠനനേട്ടം

കഥയുടെ രചനാപരമായ സവിശേഷതകൾ കണ്ടെത്തി കുറിപ്പുകൾ തയാറാക്കുന്നതിന്.

ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റുവാങ്ങി.

- യജമാനന്മാരേ, എന്റെ കൈയിൽ പണമില്ല.
- കോടച്ചി കെട്ടിത്തന്ന പൊതിച്ചോറാണ്. വെള്ളായിയപ്പൻ പൊതിയഴിച്ചു. വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു. വെയിലിന്റെ മുകൾത്തട്ടിലെവിടെ നിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നു.

  കടൽത്തീരത്ത് എന്ന കഥയിൽ ഉപയോഗിച്ചിരിക്കുന്ന സാന്ദ്രമായ ഭാഷ കഥയുടെ ഭാവതീവ്രത വർധിപ്പിക്കുന്നു. സൂചനകൾ വിശകലനം ചെയ്ത് പ്രസ്താവനയോട് പ്രതികരിക്കുക.

*(സ്കോർ-6 സമയം : 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- നൽകിയ സൂചനകളിലെ ഭാഷാപരമായ പ്രത്യേകതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- കഥയിൽനിന്നു കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- പ്രസ്താവനയോട് യുക്തിപൂർവം പ്രതികരിച്ചിട്ടുണ്ട്. (2)

പഠനനേട്ടം.

- കഥകളുടെ ഭാവതലം കണ്ടെത്തുന്നതിന്.

'ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത്?" പാറാവുകാരൻ പരുക്കനായി പറഞ്ഞു.

"ആപ്പീസ് തൊറക്കട്ടെ."

ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തി നോക്കി. പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി.

- പാറാവുകാരന്റെ ഈ മനോഭാവമാറ്റത്തിന്റെ കാരണം സന്ദർഭം വിശകലനം ചെയ്ത് കണ്ടെത്തുക.

*(സ്കോർ-4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- സന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്. (2)
- മനോഭാവമാറ്റത്തിനുള്ള കാരണം കണ്ടെത്തിയിട്ടുണ്ട്. (2)

പഠനനേട്ടം

- കഥാസന്ദർഭം വിശകലനം ചെയ്യുന്നതിന്.

"താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താന്തനനുഭവിച്ചീടുകെന്നേവരൂ"

ഈ വരികൾ മിസ്സിസ് തലത്തിന്റെ ജീവിതാവസ്ഥ വെളിപ്പെടുത്തുന്നുണ്ടോ? രണ്ടു നിരീക്ഷണങ്ങൾ കുറിക്കുക.

*(സ്കോർ: 2 സമയം: 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കാവ്യഭാഗത്തിന്റെ ആശയം, മിസ്സിസ് തലത്തിന്റെ ജീവിതാവസ്ഥ എന്നിവ തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- അവ ബന്ധപ്പെടുത്തി നിരീക്ഷണങ്ങൾ (രണ്ടെണ്ണം) കുറിച്ചിട്ടുണ്ട്. (1)

3

# സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

## പഠനനേട്ടം

- പുരാണകഥാപാത്രങ്ങളുടെ മാനസികാവസ്ഥ വിശകലനം ചെയ്ത് സവിശേഷതകൾ കണ്ടെത്തുന്നു.

"ആർക്കുള്ളൂ എന്റേതിനേക്കാൾ നല്ല അവസാനം? (4)

ദുര്യോധനന്റെ ഈ വാക്കുകളിൽ തെളിയുന്ന മനോഭാവം എന്ത്? വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

■ **മൂല്യനിർണയ സൂചകങ്ങൾ**

- കഥാസന്ദർഭം തിരിച്ചറിയുന്നു (2)
- കഥാപാത്രത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യുന്നു (2)

## പഠനനേട്ടം

- ക്ലാസിക് കൃതികളിലെ സന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുന്നതിന്.

'നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
അമിത്രവീരന്മാരെ അമർക്കും വൻപടയും
ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റും'

പുഷ്കരന്റെ ഈ വാക്കുകൾ കലിയുടെ മനസ്സിലുണ്ടാക്കിയ ചിന്തകൾ എന്തെല്ലാമായിരിക്കും?

*(സ്കോർ- 4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- വരികളുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- പുഷ്കരന്റെ മനോഭാവം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- അവയുടെ അടിസ്ഥാനത്തിൽ കലിയുടെ ചിന്തകൾ വിശദമാക്കിയിട്ടുണ്ട്. (1)

## പഠനനേട്ടം

- കഥകൾ കാവ്യങ്ങൾ എന്നിവയിലെ കഥാപാത്രാവിഷ്ക്കരണ മികവ് കണ്ടെത്തുന്നു.

"ദൂരത്തുന്നാരും വരികയില്ല നമ്മെക്കാൺമാൻ"

"നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും."

ചുരുങ്ങിയ വാക്കുകൾ കൊണ്ട് പുഷ്കരൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവം മുഴുവൻ വ്യക്തമാക്കാൻ ഉണ്ണായിവാര്യർക്കു കഴിഞ്ഞിരിക്കുന്നു.-

■ **മൂല്യനിർണയ സൂചകങ്ങൾ**

- കാവ്യസന്ദർഭം തിരിച്ചറിയുന്നു (2)

- സൂചനകൾ വികസിപ്പിക്കുന്നു. (2)
- നിഗമനം അവതരിപ്പിക്കുന്നു (2)

*സ്കോർ : 6 സമയം : 8 മിനിട്ട്*

**പഠനനേട്ടം**

- കൃതികളിൽ തെളിയുന്ന ജീവിതകാഴ്ചപാട് വിശദീകരിക്കുന്നു

"സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർഥത്തിൽ ജീവിതമാണോ?"

'എന്റെ പീഡാനുഭവങ്ങളെ സ്നേഹിക്കാൻ ഞാൻ പഠിച്ചു കഴിഞ്ഞു.'

ഈ വരികളിൽ തെളിയുന്ന ദസ്തയേവ്സ്കിയുടെ ജീവിതകാഴ്ചപ്പാടുകൾ വിലയിരുത്തി കുറിപ്പ് തയാറാക്കുക?

■ **മൂല്യനിർണയ സൂചകങ്ങൾ**

- സന്ദർഭം തിരിച്ചറിയുന്നു (2)
- സൂചനകൾ വിശകലനം ചെയ്യുന്നു. (2)
- ജീവിതകാഴ്ചപ്പാട് വിശദീകരിക്കുന്നു (4)

*(സ്കോർ : 8 സമയം : 8 മിനിട്ട്)*

**പഠനനേട്ടം**

- കഥാപാത്രത്തിന്റെ മാനസികാവസ്ഥ വിശകലനം ചെയ്യുന്നതിന്.

'ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്.'

– ദസ്തയേവ്സ്കി (ഒരു സങ്കീർത്തനം പോലെ)

പാഠഭാഗത്തെ ആസ്പദമാക്കിദസ്തയേവ്സ്കിയുടെ വീക്ഷണങ്ങളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

*(സ്കോർ–4 സമയം : 8 മിനിട്ട്*

■ **മൂല്യനിർണയ സൂചകങ്ങൾ**

- സൂചനകളുടെയും ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- കണ്ടെത്തലുകൾ ക്രമീകരിച്ച് കുറിപ്പ് തയാറാക്കിയിട്ടുണ്ട്. (2)

**പഠനനേട്ടം**

- സമസ്തപദങ്ങളുടെ വിഗ്രഹാർഥം കണ്ടെത്തുന്നു.

<u>യുദ്ധധർമ്മം</u> അറിയുന്ന അവരോടു ഞാൻ പറഞ്ഞതായി പറയണം. അടിവരയിട്ട പദത്തിന് യോജിച്ച അർഥം കണ്ടെത്തുക.

എ. യുദ്ധത്തിനോടുള്ള ധർമ്മം ബി. യുദ്ധത്തിലെ ധർമ്മം

സി. യുദ്ധമാകുന്ന ധർമ്മം ഡി. യുദ്ധം മൂലമുണ്ടാകുന്ന ധർമ്മം

■ **മൂല്യനിർണയ സൂചകങ്ങൾ**

- വിഗ്രാർഥം കണ്ടെത്തുന്നു. (2)

*(സ്കോർ– 2 സമയം : 4 മിനിറ്റ്)*

### പഠനനേട്ടം.

- ക്ലാസിക് കൃതികളിലെ സന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുന്നതിന്.

"പഴുതേ ഞാനെന്തേ പലവക പറഞ്ഞു കേൾപ്പിക്കുന്നു?"
പുഷ്കര, നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ."

ഒരേ സമയം നിരാശയും പ്രതീക്ഷയുമാണ് ഈ വരികളിലെ പഴുതേ എന്ന പ്രയോഗം മുന്നോട്ടുവയ്ക്കുന്നത്. ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

*(സ്കോർ- 4 സമയം : 8 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- പഴുതേ എന്ന പദത്തിന്റെ വ്യത്യസ്ത അർഥതലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- കണ്ടെത്തലുകൾ പ്രയോജനപ്പെടുത്തി കുറിപ്പ് തയാറാക്കിയിട്ടുണ്ട്. (1)

### പഠനനേട്ടം

- ക്ലാസിക് കൃതികളിലെ സന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുന്നതിന്.

'ഉറങ്ങുമ്പോഴോ ഓർക്കാപ്പുറത്തോ കൊല്ലുമ്പോലെയാണ്, വിഷം തന്നു കൊല്ലുമ്പോലെയാണ് എന്നെ കൊന്നത്.'

ദുര്യോധനന്റെ വാക്കുകളിൽ തെളിയുന്ന മനോഭാവം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

*(സ്കോർ- 4 സമയം: 8 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- സന്ദർഭത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- ദുര്യോധനന്റെ മനോഭാവം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- മനോഭാവം വിശകലനം ചെയ്തിട്ടുണ്ട്. (1)

### പഠനനേട്ടം

- കഥാപാത്രങ്ങളുടെ മാനസികാവസ്ഥ വിശകലനം ചെയ്യുന്നു.

'ധരണിയിലുള്ള പരിഷകൾ നളനെച്ചെന്നു കാണും
അവർക്കു വേണ്ടും കാര്യം നളനും സാധിപ്പിക്കും,
ദൂരത്തുന്നാരും വരികയില്ല നമ്മെക്കാണ്മാൻ.'

- വരികളിൽനിന്നു വ്യക്തമാകുന്ന പുഷ്കരന്റെ മാനസികാവസ്ഥയെന്ത്?

*(സ്കോർ : 2 സമയം : 4 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- കാവ്യഭാഗം വിശകലനം ചെയ്ത് കഥാപാത്രത്തിന്റെ മാനസികാവസ്ഥ കണ്ടെത്തിയിട്ടുണ്ട്. (2)

### പഠനനേട്ടം

- നിരൂപണം വിശകലനം ചെയ്ത് പദപ്രയോഗത്തിന്റെ സവിശേഷതകൾ കണ്ടെത്തുന്നു.

'അങ്ങനെ വല്ലപാടും വിജയം നേടിയ പാണ്ഡവർ സന്ധ്യക്കു ജയാഘോഷത്തോടെ കൂടാരങ്ങളിലേക്കു തിരിച്ചു.'

പാണ്ഡവരുടെ വിജയത്തെ 'വല്ലപാടും' നേടിയ വിജയം എന്നു വിശേഷിപ്പിച്ചതിന്റെ പൊരുളെന്ത്? ഏതെങ്കിലും രണ്ടു കാരണങ്ങൾ സൂചിപ്പിക്കുക.

*(സ്കോർ: 2 സമയം : 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- സന്ദർഭത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് കാരണങ്ങൾ കുറിച്ചിട്ടുണ്ട്. (2)

## പഠനനേട്ടം

- പദച്ചേരുവകളുടെ പ്രത്യേകതകൾ തിരിച്ചറിയുന്നതിന്.

ബ്രാഹ്മണൻ രാജാവിന്റെ കല്പന കിട്ടിയിട്ടേ യുദ്ധം ചെയ്യാവൂ.

അടിവരയിട്ട പദച്ചേരുവ ഒറ്റപ്പദമാക്കിയെഴുതുക.

*(സ്കോർ: 1 സമയം: 2 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ഒറ്റപ്പദമാക്കി എഴുതിയിട്ടുണ്ട്. (1)

4

# വാക്കുകൾ സർഗതാളങ്ങൾ

പഠനനേട്ടം

- കാവ്യഭാഗങ്ങളിൽ നിന്ന് കവിയുടെ ജീവിതദർശനം കണ്ടെത്തുന്നു.

“ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ

പച്ചമണ്ണിൽ മനുഷ്യത്വമാണു ഞാൻ.”

ഈ വരികളിൽ തെളിയുന്ന കവിയുടെ ജീവിത ദർശനം പാഠഭാഗവുമായി ബന്ധപ്പെടുത്തി കുറിപ്പ് തയാറാക്കുക.

■ **മൂല്യനിർണയ സൂചകങ്ങൾ**

- സൂചന വികസിപ്പിക്കുന്നു (2)
- സന്ദർഭം തിരിച്ചറിയുന്നു (2)
- സ്വന്തം നിഗമനം അവതരിപ്പിക്കുന്നു (2)

*സ്കോർ : 6 സമയം : 8 മിനിറ്റ്*

പഠനനേട്ടം

- അർഥവ്യത്യാസം കുറിക്കുന്നു

അടിവരയിട്ട പദങ്ങൾ വാക്യത്തിന് നൽകുന്ന അർഥവ്യത്യാസം കുറിക്കുക.

- എങ്ങനെയെങ്കിലും നാളെ യാത്ര തിരിക്കണം

  വേഗത്തിൽ ചക്രം തിരിക്കണം

■ **മൂല്യനിർണയ സൂചകങ്ങൾ**

- ശൈലികൾ തിരിച്ചറിഞ്ഞ് അർഥവ്യത്യാസം കണ്ടെത്തുന്നു (2)

*സ്കോർ - 4 സമയം : 4 മിനിറ്റ്*

പഠനനേട്ടം

- ‘‘വാറുപൊട്ടിയ ചെരുപ്പ് അവിടെയുള്ള ഒരു ചെരുപ്പുകുത്തിയെക്കൊണ്ട് നന്നാക്കിക്കാൻ പറഞ്ഞു സാന്താമായി. എന്നാൽ സാന്താമായി ഒരു മഹാർ ആണെന്നു മനസ്സിലായപ്പോൾ ചെരുപ്പുകുത്തി ചെരുപ്പു നന്നാക്കാൻ കൂട്ടാക്കിയില്ല.”

ലിംബാളയുടെ ജീവിതാനുഭവവുമായി ബന്ധപ്പെടുത്തി സാമൂഹികാവസ്ഥ വിവരിക്കുക?

*(സ്കോർ : 6 സമയം :14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ലിംബാളെയുടെ ജീവിതാനുഭവം ഉൾക്കൊണ്ടിട്ടുണ്ട്. (2)
- സാമൂഹികാവസ്ഥ കണ്ടെത്തി വിശദീകരിച്ചിട്ടുണ്ട്. (2)

പഠനനേട്ടം

കോടികോടി ശതാബ്ദങ്ങൾ മുമ്പൊരു
കാടിനുള്ളിൽവച്ചെൻ പ്രപിതാമഹർ
കണ്ടതാണീക്കുതിരയെക്കാട്ടുപുൽ-

ത്തണ്ടു നൽകി വളർത്തി മുത്തശ്ശിമാർ
കാട്ടുചോലകൾ പാടിയ പാട്ടുക-
ളേറ്റുപാടിപ്പഠിച്ച മുത്തശ്ശിമാർ!
................ *(വയലാർ)*

- കവിതാഭാഗത്തിന്റെ ആശയം വ്യക്തമാക്കി കുറിപ്പു തയാറാക്കുക.

*(സ്കോർ : 4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കാവ്യസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട് (3)
- ആശയം വിശകലനം ചെയ്തിട്ടുണ്ട് (3)

## 9. പഠനനേട്ടം

- പ്രയോഗങ്ങളുടെ അർഥതലം കണ്ടെത്തുന്നതിന്, പുതിയ സന്ദർഭത്തിൽ പ്രയോഗിക്കുന്നതിന്.

? മണ്ണിൽ നിന്നു പിറന്നവർ <u>മണ്ണിനെ-</u>
<u>പ്പൊന്നണിയിച്ച സംസ്കാരശില്പികൾ</u>

അടിവരയിട്ട പ്രയോഗത്തിൽ സൂചിപ്പിക്കുന്നതാരെയാണ്?

(യാഗാശ്വം, കവി, തൊഴിലാളി, രാജാവ്) *(സ്കോർ :1 സമയം: 2 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ശരിയുത്തരം കണ്ടെത്തിയെഴുതിയിട്ടുണ്ട്. (1)

## പഠനനേട്ടം

- വരികളിലെ ഭാവം കണ്ടെത്തുന്നു.

? ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
ആരൊരാളതിൻ മാർഗം മുടക്കുവാൻ?

- തന്നിരിക്കുന്ന വരികളിലെ ഭാവമെന്ത്?

(കോപം, ആത്മവിശ്വാസം, സങ്കടം, പേടി) *(സ്കോർ :1 സമയം 2 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ശരിയുത്തരം കണ്ടെത്തിയിട്ടുണ്ട്. (1)

## പഠനനേട്ടം

- പദച്ചേരുവകളുടെ പ്രത്യേകതകൾ കണ്ടെത്തുന്നതിന്.

? 'ഞങ്ങൾ <u>അങ്ങോട്ടുമിങ്ങോട്ടും</u> നടക്കുകയാണ് പതിവ്.
അടിവരയിട്ട പദം പിരിച്ചെഴുതുന്നതെങ്ങനെ? *(സ്കോർ : 1 സമയം : 2 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ശരിയായ രീതിയിൽ പിരിച്ചെഴുതിയിട്ടുണ്ട്. (1)

പഠനനേട്ടം

- എഴുത്തുകാരുടെ ജീവിതം, ദേശം, ഭാഷ മുതലായവ എഴുത്തിനെ സ്വാധീനിച്ച തെങ്ങനെയെന്നു കണ്ടെത്തുന്നു.

- ചവറുകൾക്കു പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി. എത്ര തൂക്കമുണ്ടാകുമെന്നറിയാമല്ലോ? ഒരുപക്ഷേ ഞങ്ങളുടെ വിശപ്പും വയറും മാത്രമല്ല, ഞങ്ങളെയും ത്രാസിൽ വച്ച് തൂക്കി നോക്കണം.

*(അക്കർമാശി)*

- അരിയിട്ട് തിളപ്പിച്ച വെള്ളം കുടിച്ചിട്ട് ദിവസം പത്തായി. കപ്പ തന്നെ കപ്പ! അതാ ഈ വെളർച്ച.
- അരിയിട്ട് തെളപ്പിച്ച കഞ്ഞി കുടിക്കണം- അവസാനത്തെ ആഗ്രഹം.

*(രണ്ടിടങ്ങഴി - തകഴി)*

വിവിധ കാലങ്ങളിലെ അടിയാളജീവിതത്തിന്റെ അനുഭവങ്ങളാണ് തന്നിരിക്കുന്നത്. ഇവയോടൊപ്പം ആനുകാലികസംഭവങ്ങളും പ്രയോജന പ്പെടുത്തി 'അടിയാള ജീവിതം അന്നും ഇന്നും' എന്ന ശീർഷകത്തിൽ ഉപന്യാസം തയാറാക്കുക.

*(സ്കോർ : 6 സമയം: 15 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- തന്നിരിക്കുന്ന സന്ദർഭങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. (1)
- അടിയാളജീവിതത്തിന്റെ അവസ്ഥ തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- സമകാലികസംഭവങ്ങളെ വിശകലനം ചെയ്തിട്ടുണ്ട്. (2)
- നിഗമനം യുക്തിഭദ്രമായും ക്രമീകരിച്ചും എഴുതിയിട്ടുണ്ട്. (1)

# 5

# കലകൾ കാവ്യങ്ങൾ

പഠനനേട്ടം

- ഒറ്റയൊറ്റപ്പദങ്ങളായി എഴുതുന്നു.

മാതൃകപോലെ മാറ്റയെഴുതുക.

ആരെന്നതിനെപ്പറ്റിയും - ആര്, എന്നതിനെ, പറ്റിയും
അതങ്ങനെത്തന്നെ

■ **മൂല്യനിർണയ സൂചകങ്ങൾ**

- അത്, അങ്ങനെ, തന്നെ (2)

1. പഠനനേട്ടം

- കഥകൾ വായിച്ചാസ്വദിച്ച് രചനാപരവും ഭാഷാപരവുമായ സവിശേഷതകൾ കണ്ടെത്തി അവതരിപ്പിക്കുന്നു.

"മഞ്ഞും തിമിരവും ചേർന്ന് ഇതളുകൾ നൽകിയ വെളിച്ചത്തിന്റെ ഒറ്റ ബിന്ദു, ഒരേയൊരു വെളുത്ത പൂ വച്ച ഏകാന്തമായ ശവകുടീരമാക്കി വീടിനെ മാറ്റിക്കാണിച്ചു." (ഉരുളക്കിഴങ്ങു തിന്നുന്നവർ)

കഥാസന്ദർഭത്തിൽ വാക്കുകൾക്ക് ദൃശ്യചാരുത ലഭിക്കുന്നുണ്ടോ? കഥയിലെ മറ്റുസന്ദർഭങ്ങൾ കൂടി പരിശോധിച്ചു കുറിപ്പു തയാറാക്കുക.

*(സ്കോർ : 4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കഥാസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട് (2)
- വാക്കുകൾ നൽകുന്ന ദൃശ്യഭംഗി തിരിച്ചറിഞ്ഞ് വ്യക്തമാക്കിയിട്ടുണ്ട് (2)

പഠനനേട്ടം

- കവിതകളിലെ ചമത്കാരം, ബിംബകല്പന, പ്രയോഗഭംഗി എന്നിവ തിരിച്ചറിഞ്ഞ് കുറിപ്പു തയാറാക്കുന്നു.

ഒടുവിൽ കുരിശിൽനി
ന്നിറക്കീ ജഡം! - താഴെ
യൊരു ദുഃഖത്തിൻ സൂര്യ-
ശിലയായ്ത്തീർന്നൊരമ്മ

അടിവരയിട്ട പ്രയോഗത്തിന്റെ ആശയം വിശകലനം ചെയ്തു കുറിപ്പു തയാറാക്കുക

*(സ്കോർ : 4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ :**

- കാവ്യഭാഗം വിശകലനം ചെയ്തിട്ടുണ്ട്. (1)
- പ്രയോഗം വിശകലനം ചെയ്തിട്ടുണ്ട്. (1)
- ഭാവഭംഗി കണ്ടെത്തിയിട്ടുണ്ട്. (2)

**9. പഠനനേട്ടം**

- കവിതയിലെ ചമത്കാരം, ബിംബകല്പന, ധ്വനിഭംഗി എന്നിവ തിരിച്ചറിഞ്ഞ് കുറിപ്പു തയാറാക്കുന്നു.

? മൈക്കലാഞ്ജലോയോട് നന്ദിയും മാപ്പും പറയുക വഴി കവി നൽകുന്ന സന്ദേശമെന്താണ്? കവിത വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.

*(സ്കോർ : 4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കവിത വിശകലനം ചെയ്തിട്ടുണ്ട്. (1)
- കവിയുടെ നിലപാട് വിശകലനം ചെയ്തിട്ടുണ്ട്. (1)
- കവി ഉയർത്തിപ്പിടിക്കുന്ന സന്ദേശം കണ്ടെത്തിയിട്ടുണ്ട്. (1)
- നിഗമനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (1)

**പഠനനേട്ടം**

- കവിത വിശകലനം ചെയ്യുന്നതിന്.

“നന്ദി! മൈക്കലാഞ്ജലോ!
നിന്റെ സംഗീതം, നിന്റെ
കണ്ണീരുമുറഞ്ഞുയിരാർന്നൊരീ ‘പിയത്ത’യെ
എന്നുള്ളിലെടുത്തതി-
ഭദ്രമായിരുത്തി ഞാൻ”

? ശില്പിക്കു മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്ന കവിയെയാണോ ‘മൈക്കലാഞ്ജലോ മാപ്പ്’ എന്ന കവിതയിൽ ദർശിക്കാനാവുന്നത്? കവിത വിശകലനം ചെയ്ത് നിരൂപണം തയാറാക്കുക.

*(സ്കോർ : 6 സമയം : 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ :**

- കവിയുടെ നിലപാട് വിശകലനം ചെയ്തിട്ടുണ്ട്. (2)
- നിഗമനങ്ങൾ രൂപീകരിച്ചിട്ടുണ്ട്. (2)
- ഭാഷ ക്രമീകരിച്ച് നിഗമനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (2)

# അടിസ്ഥാനപാഠാവലി

## 1

## ജീവിതം പടർത്തുന്ന വേരുകൾ

### പഠനനേട്ടം

- കഥയിലെ ശ്രദ്ധേയരായ കഥാപാത്രങ്ങളുടെ സ്വഭാവ സവിശേഷതകൾ, മറ്റുള്ളവരോടുള്ള ഇടപടൽ, കഥയിലെ സ്ഥാനം എന്നിവ കണ്ടെത്തി നിരൂപണം തയാറാക്കുന്നു.

? അച്ഛന്റെ വിളികൾക്കു പിന്നാലെ പോവുമ്പോൾ ഏതവസ്ഥയിലും അമ്മ ചെറുപ്പത്തിലേക്ക് മടങ്ങുകയായിരുന്നു.

- സന്ദർഭം വിശകലനം ചെയ്ത് അമ്മ എന്ന കഥാപാത്രത്തിന്റെ സവിശേഷത വ്യക്തമാക്കുക.

■ **മൂല്യനിർണയ സൂചകങ്ങൾ**

- സന്ദർഭം തിരിച്ചറിയുന്നു. (2)
- കഥാപാത്ര സവിശേഷത വ്യക്തമാക്കുന്നു. (2)

*(സ്കോർ : 4, സമയം : 4 മിനിറ്റ്)*

### പഠനനേട്ടം

- കഥകൾ വായിച്ച് സംഭവങ്ങളിലും സന്ദർഭങ്ങളിലും തെളിയുന്ന കഥാപാത്ര സവിശേഷതകൾ കണ്ടെത്തുന്നു.

? "നല്ല വെള്ളോല്ല, നിലാവൂല്ല, കൂമന്റെ ഒച്ചേം ഇല്ല. പിന്നെ എന്താ ആടെ ഉള്ളത്?" അമ്മ തമാശയോടെ ചോദിച്ചു. (ഓരോ വിളിയും കാത്ത്)

ഗ്രാമ - നഗര ജീവിതങ്ങളോടുള്ള അമ്മയുടെ എന്തു മനോഭാവമാണ് ഈ വരികളിൽ തെളിയുന്നത്?

■ **മൂല്യനിർണയ സൂചകങ്ങൾ**

- കഥാസന്ദർഭം തിരിച്ചറിയുന്നു. (2)
- കഥാപാത്ര സവിശേഷതകൾ വിശകലനം ചെയ്യുന്നു. (2)
- സ്വന്തം നിഗമനം അവതരിപ്പിക്കുന്നു. (2)

*സ്കോർ : 6, സമയം : 8 മിനിറ്റ്*

### പഠനനേട്ടം

- കഥകൾ വായിച്ച് സംഭവങ്ങളിലും സന്ദർഭങ്ങളിലും തെളിയുന്ന കഥാപാത്ര സവിശേഷതകൾ കണ്ടെത്തുന്നതിന്.

? ഞാനെങ്ങന്യാ മോനേ വര്വാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചു കൊണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു. വിളിക്കുമ്പോൾ ഞാനിവിടെ ഇല്ലാന്ന് വച്ചാൽ........

അച്ഛനും അമ്മയും തമ്മിലുള്ള ശക്തമായ ഹൃദയബന്ധമാണ് ഓരോ വിളിയും കാത്ത്

എന്ന കഥയെ വികാര തീവ്രമാക്കുന്നത്.

- കഥ വിശകലനം ചെയ്ത് അമ്മ എന്ന കഥാപാത്രത്തെക്കുറിച്ച് എഴുതുക.

■ **മൂല്യനിർണയ സൂചകങ്ങൾ**

- കഥാസന്ദർഭം തിരിച്ചറിയുന്നു. (2)
- സൂചനകൾ വികസിപ്പിക്കുന്നു (3)
- കഥാപാത്രത്തിന്റെ സ്വഭാവം വിശകലനം ചെയ്ത് നിരൂപണം തയാറാക്കുന്നു.(3)

*സ്കോർ : 8, സമയം : 15 മിനിറ്റ്*

പഠനനേട്ടം

- ഭാഷാപ്രയോഗങ്ങളുടെ സാന്ദർഭികാർഥം തിരിച്ചറിയുന്നതിനും സമാനാശയമുള്ള പ്രയോഗങ്ങൾ കണ്ടെത്തുന്നതിനും.

? അതു <u>കണ്ണുതണുപ്പിക്കുന്ന</u> ഒരു കാഴ്ച തന്നെയായിരുന്നു.

അടിവരയിട്ട പ്രയോഗത്തിനു സമാനാർഥമുള്ള മറ്റൊരു പ്രയോഗം കണ്ടെത്തിയെഴുതുക.

*(സ്കോർ : 2, സമയം : 2 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- സമാനാശയമുള്ള പ്രയോഗം കണ്ടെത്തിയിട്ടുണ്ട്. (1)

(കണ്ണുകുളിർപ്പിക്കുന്ന, സമാനാശയമുള്ള മറ്റു പ്രയോഗങ്ങൾ)

പഠനനേട്ടം

- വിവിധ സാഹിത്യകൃതികളിൽ പ്രതിഫലിപ്പിക്കുന്ന സാമൂഹികജീവിതം, ഭാഷ എന്നിവയുടെ പ്രത്യേകതകൾ വിശകലനം ചെയ്യുന്നു.

? "അവൻ അന്നുച്ചയ്ക്ക് പുഷ്പവേലിൽനിന്ന് കഞ്ഞികുടിച്ചു.

ചിരുത അന്ന് അരിയിട്ട് തിളപ്പിച്ച വെള്ളം കുടിച്ചിട്ടില്ല."
അരിയിട്ടു തിളപ്പിച്ച കഞ്ഞി കുടിക്കണം. അവസാനത്തെ ആഗ്രഹം'
അക്കാലത്തെ കർഷകത്തൊഴിലാളികളുടെ ജീവിതത്തെക്കുറിച്ച് എന്തെല്ലാം സൂചനകൾ ഈ നോവൽ സന്ദർഭത്തിൽ നിന്ന് കണ്ടെത്താനാവും? വിശകലനം ചെയ്ത് കുറിപ്പ് എഴുതുക.

■ **മൂല്യനിർണയ സൂചകങ്ങൾ**

- സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട് (2)
- നോവൽ ഭാഗം വിശകലനം ചെയ്തിട്ടുണ്ട് (2)
- സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട് (2)

*സ്കോർ : 6 സമയം : 10 മിനിറ്റ്*

പഠനനേട്ടം

- വിവിധ സാഹിത്യകൃതികളിൽ പ്രതിഫലിപ്പിക്കുന്ന സാമൂഹികജീവിതം, ഭാഷ എന്നിവയുടെ പ്രത്യേകതകൾ വിശകലനം ചെയ്യുന്നു.

“എടീ കള്ളി! ഒളിച്ചുമച്ചിരുന്നോ? *(പ്ലാവിലക്കഞ്ഞി)*

ഈ വരിയിൽ തെളിയുന്ന ഭാവം എന്ത്?

(കോപം, പരിഹാസം, വാത്സല്യം, വെറുപ്പ്)

■ **മൂല്യനിർണയ സൂചകങ്ങൾ**

- ശരിയായ ഉത്തരം കണ്ടെത്തുന്നു (2)

*സ്കോർ : 2, സമയം 2 മിനിറ്റ്*

**പഠനനേട്ടം**

- കഥകളിലെ ശ്രദ്ധേയരായ കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകൾ മറ്റുള്ളവരോടുള്ള ഇടപെടൽ കഥയിലെ സ്ഥാനം എന്നിവ കണ്ടെത്തുന്നു.

“അന്നു പാതിരാവരെ കോരൻ ആ ചക്രവും മടിയിലിട്ട് അരി അന്വേഷിച്ച് ഊന്നി നടന്നു.” (6)

- “ആ വലിയ വീട്ടിൽ നിന്ന് ചാക്കുകളായി നെല്ലു വള്ളത്തിലേക്കു പോകുന്നുണ്ട്.
- “പത്തു ദിവസമായിയെന്ന്, അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ട്! അവൻ ഉണ്ടാക്കിയ നെല്ല് മറ്റാരുടേയോ വകയായിരുന്നു.”
  - ‘പ്ലാവിലക്കഞ്ഞി’ എന്ന നോവൽഭാഗത്ത് പ്രകടമാകുന്ന സാമൂഹിക ജീവിതം വിശദമാക്കുക.

അക്കാലത്തെ കർഷകത്തൊഴിലാളികളുടെ ജീവിതത്തെക്കുറിച്ച് എന്തെല്ലാം സൂചനകൾ ഈ നോവൽസന്ദർഭത്തിൽനിന്ന് കണ്ടെത്താനാവും? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

*(സ്കോർ : 6, സമയം : 10 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- നോവൽ ഭാഗം വിശകലനം ചെയ്തിട്ടുണ്ട്. (2)
- മറ്റു സന്ദർഭങ്ങൾ പരിഗണിച്ചിട്ടുണ്ട്. (2)
- പ്രകടമാവുന്ന സാമൂഹികജീവിതാവസ്ഥ കണ്ടെത്തിയിട്ടുണ്ട്. (2)

**പഠനനേട്ടം**

- വിവിധ സാഹിത്യകൃതികളിൽ പ്രതിഫലിപ്പിക്കുന്ന സാമൂഹികജീവിതം, ഭാഷ എന്നിവയുടെ പ്രത്യേകതകൾ വിശകലനം ചെയ്യുന്നു.

“ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എനിക്ക് തോന്നിയിട്ടില്ല.” *(ഓരോ വിളിയും കാത്ത്)*

അമ്മയുടെ വാക്കുകളിലെ സൂചനയെന്ത്?

- വീട് നിറയെ ആളുകളുണ്ട്.
- ഒറ്റയ്ക്കാണെന്നത് എന്റെ തോന്നലാണ്
- ഒറ്റയ്ക്ക് ജീവിക്കുന്നതിനുള്ള തന്റേടമുണ്ട്
- അച്ഛന്റെ സാന്നിധ്യം ഇപ്പോഴും അനുഭവപ്പെടുന്നുണ്ട്.

*(സ്കോർ : 2 സമയം : 2 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ശരിയായ ഉത്തരം കണ്ടെത്തുന്നു (2)

പഠനനേട്ടം

- വ്യത്യസ്ത കാലഘട്ടങ്ങളിൽ മലയാളത്തിലുണ്ടായ കഥകൾ, നോവലുകൾ മുതലായവ വായിക്കുന്നു. അവയുടെ പ്രമേയം, രചനാകാലം, രചനാതന്ത്രം, ആഖ്യാനതന്ത്രം എന്നിവയുടെ സവിശേഷതകൾ കണ്ടെത്തി, ചർച്ച, സംവാദം, കുറിപ്പുകൾ എന്നിവയിലൂടെ അവതരിപ്പിക്കുന്നു. പ്രത്യേകതകൾ വിശകലനം ചെയ്യുന്നു.

"ഒരു ചട്ടിയുടെ ഇരുവശവുമായി ഭാര്യയും ഭർത്താവും ഇരുന്നു. അടുപ്പിലെ എരിതീയുടെ വെളിച്ചത്തിൽ അവർ കഞ്ഞി കുടിച്ചു തുടങ്ങി." (പ്ലാവിലക്കഞ്ഞി)

കഥാപാത്രങ്ങൾ തമ്മിലുള്ള ഊഷ്മളമായ ഹൃദയബന്ധം പ്ലാവിലക്കഞ്ഞി എന്ന കഥയിൽ ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ?

*(സ്കോർ : 6, സമയം : 10 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- നോവൽ ഭാഗം വിശകലനം ചെയ്തിട്ടുണ്ട്. (2)
- മറ്റുസന്ദർഭങ്ങൾ പരിഗണിച്ചിട്ടുണ്ട്. (2)
- ആഖ്യാനത്തിലെ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (2)

പഠനനേട്ടം

- വ്യത്യസ്ത കാലഘട്ടങ്ങളിൽ മലയാളത്തിലുണ്ടായ കഥകൾ, നോവലുകൾ മുതലായവ വായിക്കുകയും അവയുടെ പ്രമേയം, രചനാകാലം, രചനാതന്ത്രം, ആഖ്യാനതന്ത്രം എന്നിവയുടെ സവിശേഷതകൾ കണ്ടെത്തി, ചർച്ച, സംവാദം, കുറിപ്പുകൾ എന്നിവയിലൂടെ അവതരിപ്പിക്കുകയും ചെയ്യുന്നു. പ്രത്യേകതകൾ വിശകലനം ചെയ്യുന്നു.

എത്രയെത്ര കോടി പറ നെല്ല് അയാൾ ഈ അറുപത്തിരണ്ട് വയസ്സിനിടയിൽ ഉണ്ടാക്കിയിരിക്കുന്നു! എത്ര നെല്ല് കൊയ്തു; മെതിച്ചു! എത്ര കോടി ഉദരങ്ങൾ ഈ വൃദ്ധന്റെ പ്രയത്നഫലം കൊണ്ടു നിറഞ്ഞിരിക്കുന്നു!"

മറ്റുള്ളവരെ ഊട്ടുമ്പോഴും പട്ടിണി കിടക്കാൻ വിധിക്കപ്പെട്ടവരായിരുന്നു കർഷകത്തൊഴിലാളികൾ. ഈ തിരിച്ചറിവ് കാർഷികരംഗത്തെ പ്രതിരോധനങ്ങൾക്കും വിപ്ലവങ്ങൾക്കും വഴി മാറുന്നതിന്റെ കഥയാണ് 'രണ്ടിടങ്ങഴിയിലൂടെ തകഴി വരച്ചു കാട്ടുന്നത്. നോവൽഭാഗത്തിന്റെ വെളിച്ചത്തിൽ നിങ്ങളുടെ നിരീക്ഷണം അവതരിപ്പിക്കുക.

*(സ്കോർ : 8, സമയം : 15 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- നോവൽ ഭാഗം വിശകലനം ചെയ്തിട്ടുണ്ട്. (2)
- മറ്റു സന്ദർഭങ്ങൾ പരിഗണിച്ചിട്ടുണ്ട്. (2)
- പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്. (2)
- സ്വാഭിപ്രായം സമർഥിച്ചിട്ടുണ്ട്. (2)

പഠനനേട്ടം

- വാക്യഘടന തിരിച്ചറിഞ്ഞ് അർഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളാക്കുന്നതിന്.

താഴെക്കൊടുത്തിരിക്കുന്ന വാക്യം അർഥവ്യത്യാസം വരാതെ രണ്ടോ മൂന്നോ വാക്യങ്ങളാക്കി മാറ്റിയെഴുതുക.

'കന്നിപ്പാടത്ത് വെയിലിന്റെ വേലിയേറ്റങ്ങളും കമുകിൻതോട്ടങ്ങളിലൂടെ രാത്രികാലത്ത് പറന്നു പോകുന്ന വാവലുകളുടെ ചിറകടിയൊച്ചയും കിടന്നുകൊണ്ടുതന്നെ അച്ഛൻ അറിയുമായിരുന്നു'.

*(സ്കോർ : 2, സമയം : 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- അർഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളാക്കിയിട്ടുണ്ട്. (2)

## പഠനനേട്ടം

- കഥയിലെ ശ്രദ്ധേയരായ കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകൾ, മറ്റുള്ളവരോടുള്ള ഇടപെടൽ, കഥയിലെ സ്ഥാനം എന്നിവ കണ്ടെത്തി നിരൂപണം തയാറാക്കുന്നു.

- 'ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ.'
- 'കണ്ണുകാണാതായിട്ടും നടക്കാൻ പറ്റാതായിട്ടും നിങ്ങൾ വിളിക്കുന്നേടത്തും പറേന്നടത്തും ഞാൻ എത്തുന്നുണ്ടല്ലോ. അതുതന്നെ വല്യ കാര്യം!'

(ഓരോ വിളിയും കാത്ത്)

കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് കുടുംബബന്ധത്തിന്റെ സൂക്ഷ്മതലം കഥയിൽ എങ്ങനെ തെളിയുന്നുവെന്നു പരിശോധിച്ചു കുറിപ്പു തയാറാക്കുക.

*(സ്കോർ : 6, സമയം : 12 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കഥാസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (3)
- കുടുംബബന്ധത്തിന്റെ സൂക്ഷ്മതലം കണ്ടെത്തിയിട്ടുണ്ട്. (3)

# 2

# നിലാവുപെയ്യുന്ന നാട്ടുവഴികൾ

## പഠനനേട്ടം

- പദപ്രയോഗങ്ങളുടെ സാന്ദർഭികാർഥം കണ്ടെത്തുന്നതിന്.

ഞാനെന്റെ പാട്ടിനു പോയി.

ഞാൻ പാട്ടിനു താളം പിടിച്ചു.

അടിവരയിട്ട പ്രയോഗത്തിന് രണ്ടു വാക്യങ്ങളിലും ഒരേ അർഥമാണോ? വ്യക്തമാക്കുക.

*(സ്കോർ : 2, സമയം : 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- അർഥവ്യത്യാസം കണ്ടെത്തിയിട്ടുണ്ട്. (2)

## പഠനനേട്ടം

- പദച്ചേരുവയുടെ അർഥം കണ്ടെത്തുന്നു.

മഞ്ഞാലീറനുടുത്തൊരു പാവനഭാവം

അടിവരയിട്ട പദം വിഗ്രഹിച്ചാൽ

പാവനവും ഭാവവും
പാവനം കൊണ്ടുള്ള ഭാവം
പാവനമായ ഭാവം
പാവനത്തിന്റെ ഭാവം

*(സ്കോർ : 1, സമയം : 2 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- വിഗ്രഹാർഥം കണ്ടെത്തിയിട്ടുണ്ട് (പാവനമായ ഭാവം). (1)

## പഠനനേട്ടം

- കഥയിലെ പ്രയോഗങ്ങളുടെ സാന്ദർഭികാർഥം കണ്ടെത്തുന്നു.

'മർക്കോസ് പിടിക്കുന്ന ഭാഗത്തിന്റെ എതിരുപിടിക്കുക എന്നത് മത്തായിയുടെ വ്രതമായി'

അടിവരയിട്ട പ്രയോഗത്തിന്റെ സന്ദർഭത്തിലെ അർഥം ?

- എപ്പോഴും കുറ്റപ്പെടുത്തുക.
- ചിലപ്പോൾ എതിർക്കുക.
- എപ്പോഴും എതിർക്കുക.
- എതിരഭിപ്രായം പറയുക.

*(സ്കോർ : 1, സമയം : 2 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പ്രയോഗത്തിന്റെ സാന്ദർഭികാർഥം കണ്ടെത്തിയിട്ടുണ്ട് (എപ്പോഴും എതിർക്കുക). (1)

**പഠനനേട്ടം**

- കവിത വായിച്ചാസ്വദിക്കുന്നു. ആവിഷ്കാരരീതിയുടെ സവിശേഷത കണ്ടെത്തുന്നു.

“ആർപ്പുവിളിക്കുവിനുണ്ണികളേ,യല-
കടലേ,മേന്മേൽ കുരവയിടൂ കൊ-
ച്ചരുവികളേ, ചെറുകന്യകളേ,ന-
ല്ലതിഥി നമുക്കിനിയാരിതുപോലെ?”

(ഓണമുറ്റത്ത്)

ഓണത്തെ വരവേൽക്കുന്ന മലയാളനാടിന്റെ ആഹ്ലാദത്തിമർപ്പ് കവി ആവിഷ്കരിക്കുന്നതെങ്ങനെ? ഉചിതമായ മറ്റു സന്ദർഭങ്ങൾ കൂടി വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

*(സ്കോർ : 6, സമയം : 10 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കാവ്യഭാഗത്തിന്റെ ആശയം കണ്ടെത്തിയിട്ടുണ്ട്. (2)
- ഉചിതമായ മറ്റു സന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- ആവിഷ്കാരരീതിയുടെ സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (2)

**പഠനനേട്ടം**

- ലേഖനങ്ങളിലെ ഭാഷാപ്രയോഗങ്ങൾ വിശകലനം ചെയ്തു ജീവിതാവസ്ഥ കണ്ടെത്തുന്നു.

ബഹുലക്ഷം ജനങ്ങളുടെ അന്ധകാരജീവിതത്തിൽ പ്രകാശം പരത്തി അവരെ സ്വാതന്ത്ര്യബോധമുള്ള മനുഷ്യരാക്കി ശ്രീനാരായണഗുരു.

അടിവരയിട്ട പ്രയോഗത്തിൽ തെളിയുന്ന അക്കാലത്തെ ജീവിതാവസ്ഥ കണ്ടെത്തുക.

(സ്കോർ : 4, സമയം :8 മിനിറ്റ്)

■ **മൂല്യനിർണയ സൂചകങ്ങൾ**

- ജീവിതാവസ്ഥ കണ്ടെത്തിയിട്ടുണ്ട്(അയിത്തം, അടിമത്തം, തൊട്ടുകൂടായ്മ...). (4)

**പഠനനേട്ടം**

- കൃതികളിലെ ജീവിതാവസ്ഥ കണ്ടെത്തുന്നു. താരതമ്യം ചെയ്യുന്നു.

- “മാങ്ങ പഴുത്തുകഴിയുമ്പോഴാണല്ലോ രസം അതിന്റെ പരമോച്ചനില പ്രാപിക്കുന്നത്. കൈയിൽ വച്ചൊന്നു കശക്കി ഊറിക്കുടിച്ചാലുള്ള അമൃതരസത്തിനു മീതെ മറ്റൊന്നില്ല.” (എ.പി. ഉദയഭാനു)
- “പറയൂ, നാട്ടിൻപുറത്തുള്ള മാങ്ങകൾക്കെല്ലാം രുചി ഈ ‘മാംഗോഫ്രൂട്ടി’ക്കുള്ള പോലാണോ?” (പി.പി. രാമചന്ദ്രൻ)

രണ്ടു തലമുറകളുടെ ജീവിതാനുഭവങ്ങളിലുള്ള വ്യത്യാസമാണോ ഈ വരികളിൽ തെളിയുന്നത്? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

(സ്കോർ : 6, സമയം : 10 മിനിറ്റ്)

■ **മൂല്യനിർണയ സൂചകങ്ങൾ**

- രണ്ടു ഭാഗങ്ങളിലെയും ജീവിതാവസ്ഥ കണ്ടെത്തിയിട്ടുണ്ട്. (2)
- ജീവിതാനുഭവങ്ങളിലുള്ള വ്യത്യാസം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- അഭിപ്രായം യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. (2)

10. പഠനനേട്ടം

- കഥയിലെ സവിശേഷപ്രയോഗങ്ങളുടെ അർഥസാധ്യതകൾ കണ്ടെത്തുന്നു.

? അടുത്ത പ്രഭാതത്തിൽ അയൽവീടുകളിൽ കോഴി കൂകിയപ്പോൾ ചത്തകോഴി, ദഹിച്ചു പക്വാശയത്തിലെത്തിയ കോഴി മത്തായിമാർഗേണ കൂകി: "<u>നോക്കീക്കോ.</u>"

അടിവരയിട്ട പദത്തിന്റെ കഥാസന്ദർഭത്തിലെ അർഥസാധ്യതകൾ എന്തെല്ലാം? കണ്ടെത്തിയെഴുതുക.

(സ്കോർ : 2, സമയം : 8 മിനിറ്റ്)

■ **മൂല്യനിർണയ സൂചകങ്ങൾ**

- പദത്തിന്റെ അർഥസാധ്യതകൾ കണ്ടെത്തിയിട്ടുണ്ട്. (2)
  (മർക്കോസിനുള്ള മുന്നറിയിപ്പ്, മത്തായിയുടെ പ്രതികാരബുദ്ധി തുടങ്ങിയവ).

പഠനനേട്ടം

- കഥകൾ വായിച്ച് പ്രമേയസവിശേഷതകൾ തിരിച്ചറിയുന്നു, വിലയിരുത്തി കുറിപ്പു തയാറാക്കുന്നു.

? രണ്ടയൽപക്ക കുടുംബങ്ങൾ തമ്മിലുള്ള കലഹങ്ങൾക്കുമപ്പുറം സമ്പത്തിന്റെയും മൂല്യങ്ങളുടെയും സംഘർഷമണ് 'കോഴിയും കിഴവിയും' എന്ന കഥ പറയുന്നത്.

- ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ കഥയുടെ പ്രമേയം വിലയിരുത്തി കുറിപ്പ് തയാറാക്കുക.

*(സ്കോർ : 6, സമയം : 12 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പ്രസ്താവനയുടെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (2)
- കഥയിൽനിന്ന് തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. (2)
- യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. (2)

14. പഠനനേട്ടം

- പ്രയോഗങ്ങളുടെ അർഥസാധ്യതകൾ കണ്ടെത്തുന്നു.

? 'മത്തായിയുടെ' വീട്ടിൽ സകലവായും <u>അടച്ചുപൂട്ടി മുദ്രവച്ചിരിക്കുകയാണ്.</u>'

അടിവരയിട്ട പ്രയോഗം നൽകുന്ന രണ്ടു സൂചനകൾ കണ്ടെത്തി എഴുതുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- സൂചനകൾ കണ്ടെത്തിയെഴുതിയിട്ടുണ്ട് (രണ്ടെണ്ണം). (4)

**പഠനനേട്ടം**

- പഴഞ്ചൊല്ലുകളുടെ ആശയവുമായി ബന്ധിപ്പിച്ച് കഥാപാത്രസ്വഭാവം നിരൂപണം ചെയ്യുന്നു.

'ഉണ്ട ചോറു മറക്കരുത്' – പഴഞ്ചൊല്ലിന്റെ ആശയവുമായി ബന്ധിപ്പിച്ച് കോഴിയും കിഴവിയും എന്ന കഥയിലെ മത്തായി എന്ന കഥാപാത്രത്തിന്റെ മനോഭാവം വിലയിരുത്തുക.

*(സ്കോർ : 6, സമയം : 12 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പഴഞ്ചൊല്ലിന്റെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (2)
- 'മത്തായി'യുടെ മനോഭാവവുമായി ബന്ധിപ്പിച്ചിട്ടുണ്ട്. (2)
- യുക്തിപൂർവം വിലയിരുത്തിയിട്ടുണ്ട്. (2)

**പഠനനേട്ടം**

- കഥയുടെ പ്രമേയം വിശകലനം ചെയ്തു നിരൂപണങ്ങൾ തയാറാക്കുന്നു.

നിസ്സാര പ്രശ്നങ്ങളുടെ പേരിൽ പരസ്പരം കലഹിക്കുന്ന രണ്ടാം തലമുറയ്ക്കിടയിലേക്ക് നന്മയുടെ വെളിച്ചം പകർന്നുകൊണ്ട് പഴയതലമുറയും സ്നേഹത്തിന്റെ വിത്തുകൾ പാകിക്കൊണ്ട് പുതിയ തലമുറയും കടന്നുവരുന്ന കാഴ്ച 'കോഴിയും കിഴവിയും' എന്ന കഥയിൽ കാണാം.

ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ കഥ നിരൂപണം ചെയ്യുക

*(സ്കോർ : 8, സമയം : 15 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പ്രസ്താവനയുടെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (2)
- കഥയിൽ നിന്നും ഉചിതമായ തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. (3)
- സ്വന്തം നിഗമനം അവതരിപ്പിച്ചിട്ടുണ്ട്. (3)

22. **പഠനനേട്ടം**

- കവിത വിശകലനം ചെയ്ത് കാവ്യപരമായ സവിശേഷതകൾ കണ്ടെത്തുന്നതിന്.

"ഏതുമുറങ്ങാതെമ്പാടും വയ-
ലേലകൾ തോറും നടുവിൽ പൊൽക്കിഴി-
യെരിയും വെള്ളിത്താലമെടുത്തു നി-
രന്നു ലസിപ്പൂ നെയ്യാമ്പലുകൾ"

(ഓണമുറ്റത്ത്)

വരികളിൽ തെളിയുന്ന കാവ്യപരമായ സവിശേഷതകൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കവിതാഭാഗത്തിന്റെ ആശയം കണ്ടെത്തിയിട്ടുണ്ട്. (1)
- കാവ്യപരമായ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (2)
- ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്. (1)

# 3

# വാക്കുകൾ വിടരുന്ന പുലരികൾ

## പഠനനേട്ടം

- കാവ്യഭാഗങ്ങളിലെ ആശയം, കാഴ്ചപ്പാട് എന്നിവ കണ്ടെത്തുന്നതിനും താരതമ്യം ചെയ്ത് രചനകളിൽ ഏർപ്പെടുന്നതിനും.

“മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻഭാഷതാൻ”

(വള്ളത്തോൾ)

മാതൃഭാഷയെക്കുറിച്ച് വള്ളത്തോൾ അവതരിപ്പിക്കുന്ന കാഴ്ചപ്പാട് വിശദമാക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- കാവ്യഭാഗങ്ങളിലെ ആശയം, കാഴ്ചപ്പാട് എന്നിവ കണ്ടെത്തിയിട്ടുണ്ട്. (1)
- കവിതയുടെ ആശയതലം കണ്ടെത്തിയിട്ടുണ്ട്. (1)
- കാഴ്ചപ്പാടുകൾ താരതമ്യം ചെയ്ത് നിഗമനങ്ങൾ രൂപീകരിച്ചിട്ടുണ്ട്. (2)

## 5. പഠനനേട്ടം

- പത്രമാധ്യമങ്ങളെ വിലയിരുത്തി സ്വന്തം നിഗമനങ്ങൾ സമർഥിക്കുന്നതിന്.

“എന്റെ വിസ്മയം പത്തൊമ്പതാം നൂറ്റാണ്ടുകാരനായ ബട്ലർ ഇരുപതാം നൂറ്റാണ്ടിന്റെ ഈ വൈകിയ ഘട്ടത്തിൽ നമ്മുടെ പത്രങ്ങൾ എത്തിച്ചേർന്ന അസൂയാവഹമല്ലാത്ത അവസ്ഥാവിശേഷം അപ്പാടെ കണ്ടറിഞ്ഞ് വിളിച്ചു പറഞ്ഞത് എങ്ങനെയെന്ന് ചിന്തിച്ചാണ്.”

- “പത്രം അസത്യമാണെന്നറിഞ്ഞു കൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായിത്തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.”

(സുകുമാർ അഴീക്കോട്)

പത്രമാധ്യമങ്ങളെക്കുറിച്ചുള്ള ലേഖകന്റെ നിരീക്ഷണങ്ങൾ സമർഥിക്കുക.

*(സ്കോർ : 4, സമയം : 10 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- മാധ്യമങ്ങളെക്കുറിച്ചുള്ള ലേഖകന്റെ നിരീക്ഷണങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്. (1)
- സ്വന്തം നിഗമനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (2)

പഠനനേട്ടം

- സന്ദർഭം വിശകലനം ചെയ്ത് കഥാപാത്ര സവിശേഷത കണ്ടെത്തുന്നു.

“അല്ലാ, നീയ് പലിശേം അടച്ചിട്ടില്ല്യല്ലോടാ. ഇദെന്താ കഥ? ഞാൻ കൊറച്ചു കൂടി കാക്കും. പിന്നെ റേഡിയോയാണോ സിനിമ്യാണോന്നൊന്നും നോക്കില്ല്യ. അങ്ങട് കിട്ട്യ കാശിന് വിൽക്കും. അതാ ഇബടത്തെ ഒരു രീതി”.

(ചെമ്പുമത്തായി- പണയം)

‘ചെമ്പു മത്തായിയുടെ സ്വഭാവസവിശേഷത തയാറാക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- സന്ദർഭം വിശകലനം ചെയ്തിട്ടുണ്ട് (2)
- കഥാപാത്ര സവിശേഷത കണ്ടെത്തിയിട്ടുണ്ട് (2)

10. പഠനനേട്ടം

- നവമാധ്യമങ്ങൾ ദൈനംദിനജീവിതത്തെ എങ്ങനെ സ്വാധീക്കുന്നുവെന്ന് വിലയിരുത്തി രചനകളിൽ ഏർപ്പെടുന്നതിന്.

റേഡിയോ എന്ന മാധ്യമത്തിന്റെ സാന്നിധ്യം ഗ്രാമീണജീവിതത്തിലുണ്ടാക്കിയ സ്വാധീനം ‘പണയം’ എന്ന കഥയിൽ അവതരിപ്പിക്കുന്നുണ്ടല്ലോ.

- ടെലിവിഷനും നവമാധ്യമങ്ങളും (വാട്സ്ആപ്പ്, ഫേസ്ബുക്ക്, ടിറ്റർ തുടങ്ങിയവ) ഇന്ന് സമൂഹത്തിൽ ഏതുതരത്തിലുള്ള സ്വാധീനമാണ് ചെലുത്തിക്കൊണ്ടിരിക്കുന്നത്? കുറിപ്പ് തയാറാക്കുക?

*(സ്കോർ : 4, സമയം : 10 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കഥയിൽനിന്ന് മാധ്യമസ്വാധീനത്തിന്റെ തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. (1)
- ടെലിവിഷനും നവമാധ്യമങ്ങളും ചെലുത്തുന്ന സ്വാധീനം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- സ്വാനുഭവങ്ങളുടെ വെളിച്ചത്തിൽ ഗുണദോഷങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (1)

പഠനനേട്ടം

- ശീർഷകവുമായി ബന്ധിപ്പിച്ച് കഥ വ്യാഖ്യാനിക്കുന്നതിന്.

“തുണികളിലൂടെ കത്രിക തെറ്റി സഞ്ചരിച്ചു. ചക്രം ചവിട്ടുമ്പോഴും സൂചി ഉയർന്നു താഴുമ്പോഴും അയാൾ അജ്ഞാതമായൊരു പാട്ടിനു വേണ്ടി കാതോർത്തു. മനസ്സിലെ നാടകത്തിൽ നിന്ന് ഏതെല്ലാമോ കഥാപാത്രങ്ങൾ ഒച്ചയെടുത്തു സംസാരിച്ചു.”

- റേഡിയോ പണയം വച്ചതിനുശേഷമുള്ള ചാക്കുണ്ണിയുടെ അവസ്ഥയാണിത്. ചാക്കുണ്ണി പണയം വച്ചത് റേഡിയോ മാത്രമാണോ? പണയം എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

*(സ്കോർ : 6, സമയം : 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കഥാസന്ദർഭത്തിന്റെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (1)
- കഥാപാത്രത്തിന്റെ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (1)
- ശീർഷകം വിശകലനം ചെയ്ത് ഔചിത്യം വ്യക്തമാക്കിയിട്ടുണ്ട്. (2)

**പട്ടിക ഉചിതമായി ക്രമീകരിക്കുക**

| കർത്താവ് | കൃതി | സന്ദർഭം |
|---|---|---|
| എ.പി.ഉദയഭാനു | അമ്മത്തൊട്ടിൽ | ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ പച്ചമണ്ണിൽ മനുഷ്യത്വമാണ് ഞാൻ |
| റഫീക്ക് അഹമ്മദ് | അശ്വമേധം | ചിത്രകല പ്രകൃതിയുടെ പൗത്രിയും ഈശ്വര സംബന്ധിയുമാണ്. |
| എം.പി.പോൾ | കൊച്ചുചക്കരച്ചി | ഖബർദേശത്തു ഞാട്ടാൻ ചോറിയുമെന്നാണ് ഉമ്മയുടെ വിശ്വാസം |
| വയലാർ രാമവർമ്മ | അമ്മ | കൊച്ചുചക്കരച്ചി നേരുള്ള മാവാണ്. അവൾ ദോഷം വരുത്തുകയില്ല. |
| വൈക്കം മുഹമ്മദ് ബഷീർ | കാവ്യദർശനം | കണ്ണുകൾ മഞ്ഞിപ്പഴകിയ പിഞ്ഞാണ വർണ മായ് |

**ഉത്തരം**

| കർത്താവ് | കൃതി | സന്ദർഭം |
|---|---|---|
| എ.പി.ഉദയഭാനു | കൊച്ചുചക്കരച്ചി | കൊച്ചുചക്കരച്ചി നേരുള്ള മാവാണ്. അവൾ ദോഷം വരുത്തുകയില്ല. |
| റഫീക്ക് അഹമ്മദ് | അമ്മത്തൊട്ടിൽ | കണ്ണുകൾ മഞ്ഞിപ്പഴകിയ പിഞ്ഞാണ വർണ മായ് |
| എം.പി.പോൾ | കാവ്യദർശനം | ചിത്രകല പ്രകൃതിയുടെ പൗത്രിയും ഈശ്വര സംബന്ധിയുമാണ്. |

**പട്ടിക ഉചിതമായി ക്രമീകരിക്കുക**

| പാഠഭാഗം | കർത്താവ് | കഥാപാത്രം |
|---|---|---|
| ലക്ഷ്മണസാന്ത്വനം | കാരൂർനീലകണ്ഠപിള്ള | ചാക്കുണ്ണി |
| വിശ്വരൂപം | ഇ.സന്തോഷ്കുമാർ | ലക്ഷ്മണൻ |
| കടൽത്തീരത്ത് | എഴുത്തച്ഛൻ | മത്തായി |
| കോഴിയും കിഴവിയും | ലളിതാംബികഅന്തർജ്ജനം | കണ്ടുണ്ണി |
| പണയം | ഒ.വി.വിജയൻ | മിസിസ്തലത്ത് |

ഉത്തരം

| പാഠഭാഗം | കർത്താവ് | കഥാപാത്രം |
|---|---|---|
| ലക്ഷ്മണസാന്ത്വനം | എഴുത്തച്ഛൻ | ലക്ഷ്മണൻ |
| വിശ്വരൂപം | ലളിതാംബികഅന്തർജ്ജനം | മിസിസ്തലത്ത് |
| കടൽത്തീരത്ത് | ഒ.വി.വിജയൻ | കണ്ടുണ്ണി |
| കോഴിയും കിഴവിയും | കാരൂർനീലകണ്ഠപിള്ള | മത്തായി |
| പണയം | ഇ.സന്തോഷ്കുമാർ | ചാക്കുണ്ണി |

# മാതൃകാ ചോദ്യപേപ്പറുകൾ

**SET- I**

# എസ്.എസ്.എൽ.സി. മാതൃകാചോദ്യപേപ്പർ - 2016 -17

# മലയാളം (HI)

**സ്റ്റാന്റേർഡ്: X** **സമയം: 2½ മണിക്കൂർ**
**സ്കോർ: 80**

**നിർദേശങ്ങൾ**

1. ഓരോ ചോദ്യവും വായിച്ചു മനസ്സിലാക്കിയതിനുശേഷം ഉത്തരം എഴുതുക.
2. ഉത്തരങ്ങൾക്ക് ആവശ്യമുള്ളിടത്ത് വിശദീകരണങ്ങൾ നല്കുക.
3. രണ്ട് ചോദ്യങ്ങൾക്കിടയിൽ **'അല്ലെങ്കിൽ'** എന്നെഴുതിയിട്ടുണ്ടെങ്കിൽ ഒന്നിനുമാത്രം ഉത്തരം എഴുതിയാൽ മതി.
4. ആദ്യത്തെ പതിനഞ്ച് മിനിട്ട് സമാശ്വാസ സമയം (Cool off time) ആണ്. ഈ സമയത്ത് ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുക.

---

**1. a. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക** **(8)**

'ഞാനതുവരെ' സിനിമ കണ്ടിട്ടില്ലായിരുന്നു.

അടിവരയിട്ട പദം പിരിച്ചെഴുതുമ്പോൾ

(ഞാനതുവരെ) ( ഞാനതു, വരെ) (ഞാൻ, അതുവരെ) (ഞാൻ, നതു, വരെ).

**2. നെടുവരമ്പ് എന്ന പദത്തിന് ശരിയായ അർത്ഥം എടുത്തെഴുതുക.**

- നീളമുള്ള വരമ്പ്, നെടുകയുള്ള വരമ്പ്, നെടുതായുള്ള വരമ്പ്, വരമ്പിന്റെ ഇരുവശം

**3. ചുവടെ കൊടുത്തിരിക്കുന്നതിൽ 'അറ്റകൈക്ക് ഉപ്പുതേക്കാത്തവൻ' എന്ന പഴഞ്ചൊല്ലിന്റെ ആശയത്തിന് ഏറ്റവും യോജിച്ച കഥാപാത്രം ആര്?**

(ചെമ്പു മത്തായി, അമ്മത്തൊട്ടിലിലെ മകൻ, പുഷ്പവേലിൽ ഔസേപ്പ്, മർക്കോസ്)

**4. "മത്തായിയൊണ്ടോ ഈ കൂട്ടത്തില്! അവനോടൊന്നു പറഞ്ഞേ, എന്റെ കൈയേൽ പിടിച്ച് വടക്കേതിലേക്കൊന്നു കൊണ്ടു പോകാൻ. ഞാൻ അവിടെ കെടന്നു ചത്തോളാം".- ഈ സംഭാഷണത്തിൽ തെളിയുന്ന അമ്മയുടെ മനോഭാവം എന്ത്?**

(വിശ്വാസം, വിരോധം, വിധേയത്വം, മൂല്യബോധം)

**5 പട്ടിക പൂർത്തിയാക്കുക** **(4)**

| പദങ്ങൾ | ഒറ്റപദം | വർണമാറ്റം (സന്ധി) |
|---|---|---|
| • എണ്ണി, എണ്ണി | --------- | --------- |
| • നിനച്ച്, ഇരിക്കാതെ | --------- | --------- |
| • കടൽ, തീരത്ത് | --------- | --------- |
| • വിശ്രാന്തി, ഉടെ | --------- | --------- |

**6 പട്ടിക ക്രമീകരിക്കുക** **(8)**

| കൃതി | കർത്താവ് | കഥാപാത്രം |
|---|---|---|
| പ്ലാവിലക്കഞ്ഞി | ഒ.വി.വിജയൻ | ചെമ്പുമത്തായി |
| പണയം | ശരൺകുമാർ ലിംബാളെ | വെള്ളായിയപ്പൻ |
| അക്കർമാശി | ഇ.സന്തോഷ്കുമാർ | കോരൻ |
| കടൽത്തീരത്ത് | തകഴി ശിവശങ്കരപ്പിള്ള | ശാന്താ ആത്യാ |

7 **ചുവടെ കൊടുത്തിരിക്കുന്ന പദങ്ങൾ അകാരാദി ക്രമത്തിലാക്കി അവയുടെ അർത്ഥം എഴുതുക?** **(6)**

(ഉൽക്കടം, ഹവിസ്സ്, ഫഖീർ, ഓതം)

8 **ജീവചരിത്രക്കുറിപ്പ് തയാറാക്കുക** **(6)**

**വൈക്കം മുഹമ്മദ് ബഷീർ**

കേന്ദ്ര കേരള സാഹിത്യ അക്കാദമി----- പത്മശ്രീ ------- വള്ളത്തോൾ പുരസ്കാരം --- ബേപ്പൂർ സുൽത്താൻ --------- ജനനം 1908 ----- വൈക്കം തലയോലപ്പറമ്പ് ------ ഉപ്പുസത്യാഗ്രഹം ----- പ്രേമലേഖനം ----- ബാല്യകാലസഖി ----- മതിലുകൾ ----- കഥാകാരൻ.

9 **ആകാശത്ത് <u>നക്ഷത്രങ്ങൾ</u> തെളിഞ്ഞു. <u>അമ്പിളിയും</u> പുഞ്ചിരി തൂകി. ഭൂമിയിലെ ------ അതു കണ്ട് പുഞ്ചിരിച്ചു. ------- അതുകണ്ട് ദേഷ്യത്തോടെ മേഘങ്ങൾക്കിടയിൽ മറഞ്ഞു.**

**അടിവരയിട്ട പദത്തിന്റെ സമാനപദങ്ങൾ കണ്ടെത്തി പൂരിപ്പിക്കുക.** **(4)**

10 **ചിഹ്നം ചേർക്കുക**

രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത് നെല്ലുകൂലി കിട്ടിയില്ലെങ്കിൽ ജോലിക്ക് പോകാതിരുന്നാലെന്ത് കോരൻ ചിന്തിച്ചു **(4)**

**11 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക.** **(6 × 4**

11 *"പാഴ്ചിപ്പിയുടെ മൂക സങ്കടം പോലേയമ്മ-*
*യിരിപ്പൂ; കരയുവാൻ കണ്ണുനീരില്ലാ, തൂരി-*
*യാടുവാൻ വാക്കില്ലാതെ"* - ആശയം വിശദമാക്കുക.

12 'പണയം' എന്ന കഥയിലെ ചെമ്പുമത്തായിയുടെ സ്വഭാവസവിശേഷതകൾ വിവരിക്കുക?

13 'അമ്മത്തൊട്ടിൽ' എന്ന കവിതയിലെ അമ്മയുടെ കണ്ണുകളെ 'മങ്ങിപ്പഴകിയ പിഞ്ഞാണവർണമായി വിശേഷിപ്പിച്ചിരിക്കുന്നതിന്റെ ഔചിത്യം വ്യക്തമാക്കുക?

14 കൊച്ചു ചക്കരച്ചി എന്ന കഥയിലെ അമ്മയും കൊച്ചുചക്കരച്ചിയും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്നത് പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധമാണോ? നിഗമനം കുറിക്കുക?

15 **പോസ്റ്ററിന്റെ രൂപരേഖ തയാറാക്കുക**

യുദ്ധം മാനവരാശിയുടെ ജീവനും സ്വത്തിനും ഒരുപോലെ നാശമുണ്ടാക്കുന്നു. യുദ്ധത്തിനെതിരായ ആശയം വ്യക്തമാക്കുന്ന പോസ്റ്റിന്റെ രൂപരേഖ തയാറാക്കുക.

സൂചന : തലക്കെട്ട്
നിറം
വലുപ്പം
ചിത്ര സൂചന
അടിക്കുറിപ്പ്
മുദ്രാവാക്യം

**16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.** **(8×2)**

16 'കടൽത്തീരത്ത്' എന്ന കഥയിലെ വെള്ളായിയപ്പൻ എന്ന കഥാപാത്രം കണ്ണൂരിലേക്കു പുറപ്പെടുമ്പോൾ പാഴുതറ എന്ന ഗ്രാമമാകെ ദുഃഖിക്കുന്നു. എന്തായിരിക്കാം കാരണം? നിങ്ങളുടെ നിഗമനങ്ങൾ എഴുതുക.

17 പത്രം, ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽഫോൺ എന്നിവ നിങ്ങളെ എങ്ങനെ സ്വാധീനിച്ചു? വിവരിക്കുക. *(പത്രനീതി)*

18 വാർദ്ധക്യത്തിന്റെ എന്തെല്ലാം പ്രശ്നങ്ങളാണ് ലളിതാംബിക അന്തർജനം മിസിസ്സ് തലത്തിലൂടെ അവതരിപ്പിക്കുന്നത്? *(വിശ്വരൂപം)*

| മൂല്യനിർണയ സൂചിക | | ക്ലാസ് - 10 |
|---|---|---|
| ചോദ്യ നമ്പർ | യൂണിറ്റ് | സ്കോർ |
| 1. | ഞാൻ, അതുവരെ | 2 |
| 2 | നീളമുള്ള വരമ്പ് | 2 |
| 3 | ചെമ്പു മത്തായി | 2 |
| 4 | മൂല്യബോധം | 2 |
| 5 | **പദചേർച്ച** **വർണ്ണമാറ്റം** | |
| | എണ്ണിയെണ്ണി - ആഗമസന്ധി | 2 |
| | നിനച്ചിരിക്കാതെ - ലോപസന്ധി | 2 |
| | കടൽത്തീരത്ത് - ദ്വിത്വസന്ധി | 2 |
| | വിശ്രാന്തിയുടെ - ആഗമസന്ധി | 2 |
| | | |
| 6 | **കൃതി** / **കർത്താവ്** / **കഥാപാത്രം**<br>പ്ലാവിലക്കഞ്ഞി / തകഴിശിവശങ്കരപ്പിള്ള / കോരൻ<br>പണയം / ഇ.സന്തോഷ്കുമാർ / ചെമ്പുമത്തായി<br>അക്കർമാശി / ശരൺകുമാർ ലിംബാളെ / ശാന്താ ആത്യാ<br>കടൽത്തീരത്ത് / ഒ.വി. വിജയൻ / വെള്ളായിയപ്പൻ | 2 x 4 = 8 |
| 7 | ഉൽക്കടം - ശക്തം | 1 |
| | ഓതം - ഈർപ്പം | 1 |
| | ഫഖീർ - ഭിക്ഷു | 1 |
| | ഹവിസ്സ് - ഹോമദ്രവ്യം | 1 |
| | അകാരാദിക്രമത്തിൽ എഴുതുന്നതിന് | 2 |
| 8 | സൂചനകൾ കൃത്യമായി വികസിപ്പിക്കുന്നതിന് ക്രമീകരിച്ച് എഴുതുന്നതിന് | 3 |
| 9 | ഉചിതമായ സമാനപദം എഴുതുന്നതിന് | 3 |
| 10 | ഉചിതമായ ചിഹ്നം ചേർക്കുന്നതിന് ഏതെങ്കിലും രണ്ടെണ്ണം ശരിയാക്കുന്നതിന് | 2 |
| 11 | സന്ദർഭം കണ്ടെത്തുന്നു. ആശയം വ്യക്തമാക്കുന്നതിന് | 3 |
| 12 | കഥാസന്ദർഭങ്ങൾ കണ്ടെത്തുന്നതിന് കഥാസന്ദർഭങ്ങൾ വ്യക്തമാക്കുന്ന | 2 |
| | കഥാപാത്രസവിശേഷത കണ്ടെത്തുന്നതിന് | 3 |
| 13 | കാവ്യസന്ദർഭം തിരിച്ചറിയുന്നതിന് സാദൃശ്യകല്പന കണ്ടെത്തി വിശദീകരിക്കുന്നതിന് | 3 |
| 14 | ലേഖനത്തിലെ സന്ദർഭം തിരിച്ചറിയുന്നതിന് | 2 |

| | | |
|---|---|---|
| | കഥാപാത്രസവിശേഷതകൾ വ്യക്തമാക്കുന്നതിന്<br>പ്രകൃതിയുമായി ബന്ധിപ്പിക്കുന്നതിന് | 2<br>1 |
| 15 | **പോസ്റ്റർ രൂപരേഖ** | 2 |
| | തലക്കെട്ട് | 1 |
| | നിറം | 1 |
| | വലുപ്പം | 1 |
| | ചിത്രസൂചന | 1 |
| | അടിക്കുറിപ്പ് | 1 |
| | മുദ്രാവാക്യം | 1 |
| 16 | കഥാസന്ദർഭങ്ങൾ കണ്ടെത്തുന്നതിന് | 2 |
| | കഥാപാത്രവിശകലനം നടത്തുന്നതിന് | 2 |
| | നിഗമനങ്ങൾ കണ്ടെത്തി എഴുതുന്നതിന് | 4 |
| 17 | നവമാധ്യമങ്ങൾ ദൈനംദിന ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം തിരിച്ചറിയുന്നതിന്<br>സമൂഹത്തിൽ ഇതിനുള്ള സ്ഥാനം വ്യക്തമാക്കുന്നതിന് | 4<br>4 |
| 18 | കഥാസന്ദർഭങ്ങൾ കണ്ടെത്തുന്നതിന്<br>കഥാപാത്രവിശകലനം നടത്തുന്നതിന്<br>സ്വാനുഭവവുമായി ബന്ധപ്പെടുത്തുന്നതിന് | 4<br>2<br>2 |

SET- II

# എസ്.എസ്.എൽ.സി. മാതൃകാചോദ്യപേപ്പർ - 2016 -17

# മലയാളം (HI)

**സ്റ്റാന്റേർഡ്: X** | **സമയം: 2½ മണിക്കൂർ**
**സ്കോർ: 80**

---

**നിർദേശങ്ങൾ**

1. ഓരോ ചോദ്യവും വായിച്ചു മനസ്സിലാക്കിയതിനുശേഷം ഉത്തരം എഴുതുക.
2. ഉത്തരങ്ങൾക്ക് ആവശ്യമുള്ളിടത്ത് വിശദീകരണങ്ങൾ നല്കുക.
3. രണ്ട് ചോദ്യങ്ങൾക്കിടയിൽ **'അല്ലെങ്കിൽ'** എന്നെഴുതിയിട്ടുണ്ടെങ്കിൽ ഒന്നിനുമാത്രം ഉത്തരം എഴുതിയാൽ മതി.
4. ആദ്യത്തെ പതിനഞ്ച് മിനിട്ട് സമാശ്വാസ സമയം (Cool off time) ആണ്. ഈ സമയത്ത് ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുക.

---

**1. ദ്രോണരുടെ പുത്രൻ എന്ന അർഥം വരുന്ന പദം താഴെ തന്നിരിക്കുന്നവയിൽ നിന്ന് കണ്ടെത്തുക** (2)

- ദ്രൗണി പുത്രൻ
- ദ്രോണൻ
- ദ്രൗണി
- ദൗഹിത്രൻ

**2. 'മരപ്പാവകൾ' എന്ന ചെറുകഥാ സമാഹാരത്തിന്റെ കർത്താവ് ––** (2)

- ഇ.സന്തോഷ്കുമാർ
- കാരൂർ നീലകണ്ഠപിള്ള
- എ.പി ഉദയഭാനു
- തകഴി ശിവശങ്കരപ്പിള്ള

**3. "അമ്മതൻ ചിന്മുദ്രയാണീയെഴുത്തുകൾ** (2)
**തന്മാകനായിപ്പകർന്ന പാൽമുത്തുകൾ"**
**ഇവിടെ പാൽമുത്തുകൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?**

- പാലും മുത്തും
- പാലുപോലെയുള്ള മുത്ത്
- പാലിന്റെ മുത്ത്
- മുത്തുപോലെയുള്ള പാല്.

**4. ദിഗ്വിജയം എന്ന പദം പിരിച്ചെഴുതിയാൽ** (2)

(ദിഗ് + ജയം, ദിക് + വിജയം, ദിഗ് + വിജയം, ദിഗ് + ജയം )

**5. "നെല്ലില്ല. പിശാശുക്കള്! നെല്ലു കൊണ്ടു ചെന്ന് വല്ല പീടികയിലും പെട്ടവിലയ്ക്ക് വിൽക്കാനാണ്" ഔസേപ്പ് കോരന് നെല്ലു കൊടുക്കാതിരിക്കാനുള്ള യഥാർത്ഥ കാരണമെന്ത്?** (2

- നെല്ലിന് വളരെ വിലക്കുറവാണ്
- നെല്ലിന് അന്ന് വലിയ വിലയാണ്
- നെല്ല് അവർ വിൽക്കുകയേ ഉള്ളൂ.
- നെല്ല് അത്തവണ വളരെക്കുറച്ചേ കിട്ടിയുള്ളൂ.

6. **'ഋതുസംഹാരം' എന്ന കൃതി ഏതു സാഹിത്യവിഭാഗത്തിൽപ്പെടുന്നു?** **(2)**

(ഖണ്ഡകാവ്യം, മഹാകാവ്യം, നാടകം, സന്ദേശകാവ്യം)

7. **അർത്ഥ വ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക** **(2)**

അടുത്ത ദിവസം രാവിലെ മർക്കോസിന്റെ വീട്ടിൽ പോലീസുകാരൻ വന്നു. അയാളുടെ പറമ്പിൽ നിന്നു കോഴിയുടെ തൂവലും കാലും തലയും തൊണ്ടിയായി കണ്ടെടുത്തു.

8. **യുവജനോത്സവത്തിന്റെ കേളികൊട്ട് തുടങ്ങിക്കഴിഞ്ഞു. അടിവരയിട്ടിരിക്കുന്ന ശൈലിയുടെ അർത്ഥം വരുന്ന മറ്റൊരു വാക്യം എഴുതുക.** **(2)**

9. **അശ്വത്ഥാമാവ് ധൃഷ്ടദ്യുമ്നനെ ശസ്ത്രം കൊണ്ട് വധിക്കാതിരുന്നത്-** **(2)**

- കുലദോഷിയായതുകൊണ്ട്
- ഗുരുഘ്ലാതിയായതുകൊണ്ട്
- പാണ്ഡവസേനാപതിയായതുകൊണ്ട്
- പിതൃഘ്ലാതിയായതുകൊണ്ട്.

10. **ചുവടെ കൊടുത്തിരിക്കുന്ന പദങ്ങൾ അകാരാദിക്രമത്തിലാക്കി അവയുടെ അർത്ഥം എഴുതുക?** **(6)**

(ധാടി, വൈരസേനി, അദ്വൈതം, പാണികൾ)

11. **പട്ടിക ക്രമീകരിച്ച് പൂർത്തിയാക്കുക** **(8)**

| കൃതി | കർത്താവ് |
|---|---|
| വിശ്വരൂപം | ഒ.എൻ.വി. കുറുപ്പ് |
| പ്രിയദർശനം | വയലാർ രാമവർമ്മ |
| മൈക്കലാഞ്ജലോ, മാപ്പ് | റഫീക്ക് അഹമ്മദ് |
| അമ്മത്തൊട്ടിൽ | - - - - - - - - - |
| പണയം | ലളിതാംബിക അന്തർജനം |
| - - - - - - - - - - | ഇ.സന്തോഷ്കുമാർ |

12. **എന്റെ സത്യസന്ധതയിൽ സന്തുഷ്ടനായ അദ്ദേഹം അപ്പോൾത്തന്നെ ഉച്ചഭാഷിണിയിലൂടെ എന്നെ പരസ്യമായി അഭിനന്ദിച്ചു. അടിവരയിട്ട പദങ്ങളുടെ അർത്ഥം വരുന്ന ഓരോ വാക്യം നിർമ്മിക്കുക.** **(4)**

13. **"ഭോഗങ്ങളെല്ലാം ക്ഷണ പ്രഭാചഞ്ചലം**
**വേഗേന നഷ്ടമാമായുസ്സുമോർക്കനീ"** **(4)**

– ക്ഷണപ്രഭയുടെ ഏതെല്ലാം സവിശേഷതകളാണ് ഭോഗങ്ങൾക്കുള്ളത് എന്ന് വ്യക്തമാക്കുക?

14. **"ക്രോധം പരിത്യജിക്കേണം ബുധജനം"** **(6)**

– ഈ വരികളുടെ ആശയം വിഷയമായി വരുന്ന ഒരു പോസ്റ്റർ തയാറാക്കുക.

15. **'കോഴിയും കിഴവിയും' എന്ന തലക്കെട്ടിന്റെ ഔചിത്യം വിശകലനം ചെയ്യുക?** **(6)**

16. **ചാക്കുണ്ണി, ചെമ്പുമത്തായി എന്നീ കഥാപാത്രങ്ങളുടെ സ്വഭാവ സവിശേഷതകൾ കണ്ടെത്തുക?** **(6)**

17. **"എയ്ക്കി പിടിയില്ല". വെള്ളായിയപ്പൻ പറഞ്ഞു. "കടലാശില് എന്താണ് എഷ്തിക്കെട്ണത് ആവോ?"** **(6)**

– ഈ സംഭാഷണത്തിൽ തെളിയുന്ന വെള്ളായിയപ്പന്റെ ജീവിതാവസ്ഥ വിശകലനം ചെയ്യുക?

**18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.** **8×2**

18 'കുരുക്ഷേത്രയുദ്ധം' ഒരു ധർമ്മയുദ്ധമായിരുന്നോ? നിങ്ങളുടെ നിഗമനങ്ങൾ ഉദാഹരണസഹിതം സ്ഥാപിക്കുക.

19 പത്രവാർത്ത തയാറാക്കുക

കളഞ്ഞു കിട്ടിയ രൂപ തിരികെയേൽപ്പിച്ച് ലിംബാംഗ്ള മാതൃക കാട്ടി.

20 " ഏറെത്തണുക്കുന്നു, ചില്ലുയർത്തീടുമ്പൊ-
ളോർത്തു, കരിമ്പടം, അമ്മവയറ്റത്തു
പറ്റിക്കിടക്കുന്ന ചൂട്, മുഷിവുമായ്
കാച്ചെണ്ണ ചേരുന്ന ഗന്ധം, പുലർച്ചയി-
ലോലക്കൊടികൾ പുകയുന്നതിൻ മണം."

- അമ്മ നൽകുന്ന സുരക്ഷയുടെയും കരുതലിന്റെയും ഒരു ചിത്രമാണല്ലോ ഇത്. ഇതു പോലെ നിങ്ങൾക്കുണ്ടായിട്ടുള്ള ഒരു അനുഭവം വിവരിക്കുക?

-------

| ചോദ്യ നമ്പർ | യൂണിറ്റ് | സ്കോർ |
|---|---|---|
| 1. | ദ്രൗണി | 2 |
| 2 | കാരൂർ നീലകണ്ഠപിള്ള | 2 |
| 3 | പാലിന്റെ മൂത്ത് | 2 |
| 4. | ദിഗ് + വിജയം | 2 |
| 5 | നെല്ലിന് അന്ന് വലിയ വിലയാണ് | 2 |
| 6 | ഖണ്ഡകാവ്യം | 2 |
| 7 | അർത്ഥ വ്യത്യാസം വരാതെ ഒറ്റവാക്യമാക്കുന്നതിന് | 2 |
| 8 | ഉചിതമായ വാക്യം എഴുതുന്നതിന് | 2 |
| 9 | ഗുരുഘാതിയായതുകൊണ്ട് | 2 |
| 10 | ധാടി - പ്രൗഢി<br>വൈരസേനി - വീരസേനന്റെ പുത്രൻ } അർത്ഥം എഴുതുന്നതിന്<br>അദ്വൈതം - രണ്ടല്ല, ഒന്നാണ്<br>പാണികൾ - കൈകൾ } അകാരാദിക്രമ-ത്തിലാക്കുന്നതിന് | 4<br>2 |
| 11 | വിശ്വരൂപം - ലളിതാംബിക അന്തർജനം<br>മൈക്കലാഞ്ജലോ മാപ്പ് - ഒ.എൻ.വി.കുറുപ്പ്<br>അമ്മത്തൊട്ടിൽ - റഫീക്ക് അഹമ്മദ്<br>പണയം - ഇ.സന്തോഷ്കുമാർ<br>അശ്വമേധം - വയലാർ രാമവർമ്മ. | 8 |
| 12 | ഉചിതമായ വാക്യങ്ങൾ നിർമ്മിക്കുന്നതിന് | 4 |
| 13 | ക്ഷണപ്രഭയുടെ (മിന്നൽ) ഓരോ ഗുണം ആയുസ്സു-മായി ബന്ധിപ്പിച്ച് എഴുതുന്നതിന് | 2 x 2 = 4 |
| 14 | • പോസ്റ്ററിന്റെ ശീർഷകം<br>• ചിത്രസൂചന<br>• അടിക്കുറിപ്പ് | 2<br>2<br>2 |
| 15 | • നൽകിയിരിക്കുന്ന പ്രസ്താവന വിശകലനം ചെയ്യുന്നതിന്<br>• സ്വന്തം നിഗമനം രൂപീകരിക്കുന്നതിന്<br>• സമർത്ഥിക്കുന്നതിന് | 2<br>2<br>2 |
| 16 | ഒരു കഥാപാത്രത്തിന്റെ സ്വഭാവസവിശേഷത എഴുതുന്നതിന് | 3 x 2 = 6 |
| 17 | • നൽകിയിരിക്കുന്ന സൂചന വിശകലനം ചെയ്യുന്നതിന്<br>• കഥാപാത്രത്തിന്റെ ജീവിതാവസ്ഥ കണ്ടെത്തുന്നതിന് | 3 + 3 = 6 |
| 18 | • സന്ദർഭം വിശകലനം ചെയ്യുന്നതിന്<br>• നിഗമനങ്ങൾ രൂപീകരിക്കുന്നതിന്<br>• സമർത്ഥനത്തിന് | 3<br>3<br>2 |
| 19 | • കഥാസന്ദർഭം വിവരിക്കുന്നതിന്<br>• പത്രവാർത്തയുടെ രൂപഘടനയ്ക്ക്<br>• പത്രവാർത്തയുടെ ഭാഷ | 3<br>3<br>2 |
| 20 | • നൽകിയിരിക്കുന്ന കവിതാഭാഗം വിശകലനം ചെയ്യുന്നതിന്<br>• സ്വന്തം അനുഭവം വിവരിക്കുന്നതിന്<br>• അനുഭവ വിവരണത്തിന്റെ ഭാഷ (വൈകാരിക ഭാഷ) | 3<br>3<br>2 |

# ഒന്നാം പാദവാർഷിക ചോദ്യപേപ്പറുകൾ

# പാദവാർഷിക മൂല്യനിർണയം - 2016

# മലയാളം (HI)

**സ്റ്റാന്റേർഡ് : X** | **സമയം : 2½ മണിക്കൂർ**
**സ്കോർ : 80**

**നിർദേശങ്ങൾ**

- ആദ്യത്തെ പതിനഞ്ച് മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1. **പട്ടിക ക്രമീകരിക്കുക** **10**

| കൃതി | കർത്താവ് | പാഠസന്ദർഭം |
|---|---|---|
| വിശ്വരൂപം | വൈക്കം മുഹമ്മദ് ബഷീർ | ക്രോധം പരിത്യജിക്കേണം ബുധജനം |
| ലക്ഷ്മണ സാന്ത്വനം | തകഴി ശിവശങ്കരപ്പിള്ള | എന്റെ സർവ്വസ്വവും ഭാരതമാതാവിന്റെ പാദങ്ങളിൽ അർപ്പിക്കുവാൻ തീർച്ചയാക്കിയിരിക്കുന്നു |
| അമ്മ | റഫീക്ക് അഹമ്മദ് | തമ്പ്രാ, ഏനു നെല്ലുകൂലി മതി. |
| പ്ലാവിലക്കഞ്ഞി | ലളിതാംബികാഅന്തർജ്ജനം | പീളയടിഞ്ഞ് നിറം പോയ കണ്ണുകളെന്തേയടയ്ക്കാതെ വച്ചമ്മ. |
| അമ്മത്തൊട്ടിൽ | തുഞ്ചത്തെഴുച്ഛൻ | ചക്രവർത്തിനിയുടെ ജന്മമാണ് അവർക്ക്. |

2. ചുവടെ കൊടുത്തിരിക്കുന്ന പദങ്ങൾ അകാരാദിക്രമത്തിലാക്കി അവയുടെ ഓരോ അർഥവും എഴുതുക.
ചക്ഷുസ്സ്, തൃഷ്ണ, ആന്തിപ്പോയി, പാഥേയം, ചക്രം, ദർദുരം 6

3. **പട്ടിക പൂർത്തിയാക്കുക** 4

| പദങ്ങൾ | പദചേർച്ച | വർണമാറ്റം (സന്ധി) |
|---|---|---|
| പെരുവഴി, അമ്പലം | ...................... | ...................... |
| മനസ്സ്, അലിഞ്ഞു | ...................... | ...................... |
| ജന, കൂട്ടം | ...................... | ...................... |
| സങ്കിർണം, ആയ | ...................... | ...................... |

4. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക 2

കേന്ദ്രസാഹിത്യ അക്കാദമി അവാർഡും ആദ്യത്തെ വയലാർ അവാർഡും നേടിയ അഗ്നിസാക്ഷി ആരുടെ കൃതിയാണ്.

- വൈക്കം മുഹമ്മദ് ബഷീർ
- ബാലാമണിയമ്മ
- ലളിതാംബിക അന്തർജനം
- ഒ.വി.വിജയൻ

5. കാലാതീതം എന്ന പദം പിരിച്ചെഴുതിയാൽ ...................... 2

- കാലാ + തീതം
- കാല + അതീതം

- കാലാ + അതീതം
- കാല + ആതീതം

6. ‘കുമാരസംഭവം’ എന്ന കാളിദാസകൃതി ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു 2
   - മഹാകാവ്യം
   - നാടകം
   - ഖണ്ഡകാവ്യം
   - സന്ദേശകാവ്യം
7. തമ്പ്രാ ഏനു നെല്ലുകൂലി മതി; ചക്രം വേണ്ട എന്ന് കോരൻ പറയാനുള്ള കാരണമെന്ത്? 2
   - നെല്ലു കൊണ്ടുപോയി വിൽക്കാൻ
   - അത്താഴത്തിന്
   - നെല്ല് വിതയ്ക്കാൻ
   - വിറ്റാൽ വില കൂടുതൽ ലഭിക്കാൻ
8. വരിക വരിക സഹജരേ,
   സഹനസമരസമയമായ് - എന്നീ വരികൾ എഴുതിയത് 2

   വള്ളത്തോൾ നാരായണമേനോൻ

   അംശി നാരായണപിള്ള

   ബോധേശ്വരൻ

   ഉള്ളൂർ എസ്.പരമേശ്വരയ്യർ
9. ലക്ഷ്മണ സാന്ത്വനത്തിലെ ഒരു കാവ്യഭാഗത്തെ സൂചിപ്പിക്കുന്ന ചിത്രമാണിത്. ചിത്രം വിശകലനം ചെയ്ത് ജീവിതത്തിന്റെ ക്ഷണികത എങ്ങനെ ആവിഷ്കൃതമായിരിക്കുന്നു എന്ന് വ്യക്തമാക്കുക? 4



10. പക്ഷേ ഒന്ന് ഓർക്കണം നിങ്ങളുടെ വരാൻ പോകുന്ന ഭാര്യയോട് പറയൂ കുട്ടികളെ ബോർഡിങ്ങുകളിൽ അയയ്ക്കരുതെന്ന്. അമ്മ തന്നെ വളർത്തണം - ഇങ്ങനെ മിസ്സിസ്സ് തലത്ത് പറയാനിടയാക്കിയ സാഹചര്യം വ്യക്തമാക്കുക 4
11. “ഇത് കഞ്ഞി കുടിക്കുന്ന ബാവമേ ഉള്ളൂ”
    “അല്ലെടി, ഏൻ കുടിക്കുവാ”
    എടീ കള്ളീ! നീയതു ഒളിച്ചു വച്ചിരുന്നോ”?

    ദാരിദ്ര്യത്തെ സ്നേഹംകൊണ്ട് നേരിടുകയാണ് കോരനും ചിരുതയും.

    പാഠഭാഗത്തെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയെ വിലയിരുത്തുക 4
12. ‘കണ്ണുകൾ മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണമായ്
    പാടയും പീളയും മൂടിയ കണ്ണുകൾ’

    അമ്മയുടെ കണ്ണുകളെ പിഞ്ഞാണവർണ്ണത്തോടുപമിച്ചിരിക്കുന്നതിന്റെ ഔചിത്യമെന്ത്?

    വിശദീകരിക്കുക 4

STD X

# മൂല്യനിർണയ സൂചിക

| ചോദ്യ നമ്പർ | മൂല്യനിർണയ സൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ |
|---|---|---|---|
| 1 | ശരിയായ വിധത്തിൽ പട്ടിക ക്രമീകരിക്കുന്നതിന് | 2 × 5 | 10 |
| 2 | അകാരാദി ക്രമത്തിലാക്കുന്നതിന്<br>അർഥമെഴുതുന്നതിന് | 3<br>3 | 6 |
| 3 | പദം ചേർത്തെഴുതുന്നതിന് ½ × 4<br>വർണ്ണമാറ്റം ( ½ × 4) | 2<br>2 | 4 |
| 4 | ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതിന്<br>(ലളിതാംബിക അന്തർജ്ജനം) | 2 | 2 |
| 6 | ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതിന് (കാല അതീതം) | 2 | 2 |
| 6 | ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതിന് (നാടകം) | 2 | 2 |
| 7 | ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുന്നതിന് (അത്താഴത്തിന്) | 2 | 2 |
| 8 | ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുന്നതിന്<br>(അംശിനാരായണപിള്ള) | 2 | 2 |
| 9 | ചിത്രത്തിന്റെ ആശയം ഉൾക്കൊണ്ടിട്ട്<br>വിശകലനം ചെയ്തിട്ടുണ്ട് | 2<br>2 | 4 |
| 10 | കഥാസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്<br>നല്കിയിരിക്കുന്ന ഭാഗം വിശകലനം ചെയ്തിട്ടുണ്ട്<br>സാഹചര്യം വ്യക്തമാക്കിട്ടുണ്ട് | 1<br>2<br>1 | 4 |
| 11 | നോവൽ സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്<br>നല്കിയിരിക്കുന്ന ഭാഗം വിശകലനം ചെയ്തിട്ടുണ്ട്<br>സാഹചര്യം വ്യക്തമാക്കിയിട്ടുണ്ട് | 1<br>2<br>1 | 4 |
| 12 | കാവ്യഭാഗം തിരിച്ചറിഞ്ഞിട്ടുണ്ട്<br>ഔചിത്യം വ്യക്തമാക്കിയിട്ടുണ്ട് | 1<br>3 | 4 |
| 13 | കഥാസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്<br>മാനസികാവസ്ഥ കണ്ടെത്തിയിട്ടുണ്ട്<br>ഉചിതമായ ആവിഷ്ക്കരണം | 1<br>4<br>1 | 6 |
| 14 | കഥാസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്<br>മാനസികാവസ്ഥ കണ്ടെത്തിയിട്ടുണ്ട്<br>ഉചിതമായ ആവിഷ്ക്കരണം | 1<br>4<br>1 | 6 |
| 15 | സൂചനകൾ ഉൾപ്പെടുത്തി കുറിപ്പ് തയാറാക്കിയിട്ടുണ്ട്<br>പ്രധാനകൃതികൾ കണ്ടെത്തിയിട്ടുണ്ട് | 4<br>2 | 6 |
| 16 | നല്കിയിരിക്കുന്ന പ്രസ്താവനയുടെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്<br>ഉചിതമായ സന്ദർഭങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്<br>സന്ദർഭങ്ങൾ വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിച്ചിട്ടുണ്ട്<br>ആശയങ്ങൾ ക്രമീകരിച്ചിട്ടുണ്ട് | 2<br>2<br>2<br>2 | 8 |
| 17 | നല്കിയിരിക്കുന്ന സന്ദർഭങ്ങളിൽ നിന്ന് ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്<br>അവയിൽ തെളിയുന്ന കഥാപാത്ര സ്വഭാവം കണ്ടെത്തിയിട്ടുണ്ട്<br>കൂടുതൽ തെളിവുകൾ കഥയിൽനിന്ന് കണ്ടെത്തിയിട്ടുണ്ട്<br>ആശയങ്ങൾ ക്രമീകരിച്ചിട്ടുണ്ട് | 2<br>4<br>1<br>1 | 8 |
| 18 | നല്കിയിരിക്കുന്ന സന്ദർഭങ്ങളിൽ നിന്ന് ആശയം തിരിച്ചരിഞ്ഞുട്ടുണ്ട്<br>ജീവിതാവസ്ഥ വ്യക്തമാക്കിയിട്ടുണ്ട്<br>ആശയങ്ങൾ ക്രമീകരിച്ചിട്ടുണ്ട് | 2<br>4<br>2 | 8 |
| | **ആകെ സ്കോർ** | | **80** |

13. 'അകത്തുനിന്ന് ഇടിയും തൊഴിയും നിലവിളിയും കേട്ടു എന്റെ ഹൃദയം പതറി........ സ്വാതന്ത്ര്യം അതിനുവേണ്ടി എത്രയെത്രയുവതീയുവാക്കൾ മരണമടഞ്ഞു കഴിഞ്ഞു'........

ഇന്ന് നാം അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിനുവേണ്ടി എത്രയെത്ര ആളുകളുടെ ത്യാഗോജ്ജ്വലമായ ജീവിതം ബലി കഴിക്കേണ്ടി വന്നു'- ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിച്ച് നിഗമനങ്ങളെഴുതുക. 6

14. മാഡം തലത്ത് മരിച്ചുപോയി മോനേ, ഡോക്ടർ തലത്തിനോടൊപ്പം അവരും പോയി, ഇത് അമ്മയാണ് താഴത്ത് കുഞ്ഞിക്കുട്ടിയമ്മ എന്ന് സ്വയം പരിചയപ്പെടുത്തിയ മാഡം തലത്തിന്റെ മാനസികാവസ്ഥ കണ്ടെത്തി എഴുതുക 6

15. ചുവടെ കൊടുത്തിരിക്കുന്ന സൂചനകൾ വികസിപ്പിച്ച് ജീവചരിത്രക്കുറിപ്പ് തയാറാക്കുക

*തുഞ്ചത്തെഴുത്തച്ഛൻ*

16-ാം നൂറ്റാണ്ടിൽ ജനനം - തിരൂരിലെ തൃക്കണ്ടിയൂർ - ഭക്തിയിലൂടെ ഒരു ജനതയെ പരിവർത്തിപ്പിച്ചു.................................................................. പ്രധാന കൃതികൾ 6

**16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരം എഴുതണം (ഒരുപുറം)** 8 × 2

16. വിദ്യാർഥിയായിരുന്ന കാലത്തുതന്നെ ബഷീർ ദേശീയപ്രസ്ഥാനങ്ങളോട് ആഭിമുഖ്യം പുലർത്തിയിരുന്നു. അമ്മ എന്ന പാഠഭാഗത്തിൽ നിന്ന് ഉചിതമായ സന്ദർഭങ്ങൾ കണ്ടെത്തി ഈ പ്രസ്താവന വിശദീകരിക്കുക.

17 "മകനേ, നീ കൊലപാതകം നടത്തിയോ?"

"എനിക്കോർമ്മയില്ല" സാരമില്ല മകനേ, ഇനിയും ഓർക്കേണ്ടതില്ല."

"ശവത്തിന്റെ ചുമതല നിങ്ങൾ ഏറ്റെടുക്കുന്നില്ലേ?"
"യജമാനനേ എന്റെ കയ്യിൽ പണമില്ല."

'മണ്ണുമൂടുന്നതിനുമുമ്പ് കണ്ടുണ്ണിയുടെ മുഖം വെള്ളായിയപ്പൻ ഒരു നോക്കു കണ്ടു. ആ നെറ്റിയിൽ കൈപ്പടം വച്ച് അനുഗ്രഹിച്ചു' (കടൽത്തീരത്ത്)

ഈ വരികളിൽ തെളിയുന്ന 'വെള്ളായിയപ്പൻ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

18. എത്രയെത്ര കോടി പറ നെല്ല് അയാൾ ഈ അറുപത്തിരണ്ടു വയസ്സിനിടയിൽ ഉണ്ടാക്കിയിരിക്കുന്നു! എത്ര നെല്ല് കൊയ്തു മെതിച്ചു! എത്ര കോടി ഉദരങ്ങൾ ഈ വൃദ്ധന്റെ പ്രയ്തനഫലം കൊണ്ട് നിറഞ്ഞിരിക്കുന്നു."

പത്തു ദിവസമായിയെന്ന്, അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ട്! അവൻ ഉണ്ടാക്കിയ നെല്ല് മറ്റാരുടെയോ വകയാണ്." (പ്ലാവിലക്കഞ്ഞി)

കുട്ടനാടൻ കർഷകതൊഴിലാളികൾ അനുഭവിച്ചിരുന്ന ദുരിതത്തെക്കുറിച്ച് വിവരിക്കുക?

# രണ്ടാം പാദവാർഷിക ചോദ്യപേപ്പറുകൾ

# രണ്ടാം പാദവാർഷിക മൂല്യനിർണയം - 2016-17 (HI)

# മലയാളം

**സ്റ്റാൻഡേർഡ്: X** | **സമയം : 2 ½ മണിക്കൂർ**
**സ്കോർ : 80**

**നിർദേശങ്ങൾ**

- പതിനഞ്ച് മിനുട്ട് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1) **പട്ടിക ക്രമീകരിക്കുക** **5 x 2 = 10**

| പാഠഭാഗം | കർത്താവ് | കഥാപാത്രം |
|---|---|---|
| യുദ്ധത്തിന്റെ പരിണാമം | പെരുമ്പടവം ശ്രീധരൻ | മത്തായി |
| കോഴിയും കിഴവിയും | കുട്ടിക്കൃഷ്ണമാരാർ | മാവേലിമന്നൻ |
| അക്കർമാശി | വൈലോപ്പിള്ളി | ദസ്തയേവ്സ്കി |
| ആത്മാവിന്റെ വെളിപാടുകൾ | കാരൂർ നീലകണ്ഠപ്പിള്ള | ശാന്തആത്യ |
| ഓണമുറ്റത്ത് | ശരൺകുമാർലിംബാളെ | അശ്വത്ഥാമാവ് |

2) എന്റെ <u>സത്യസന്ധതയിൽ</u> സന്തുഷ്ടനായ അദ്ദേഹം, അപ്പോൾത്തന്നെ ഉച്ചഭാഷിണിയിലൂടെ എന്നെ പരസ്യമായി അഭിനന്ദിച്ചു. - അടിവരയിട്ട പദമുപയോഗിച്ച് മറ്റൊരു വാക്യം നിർമ്മിക്കുക. **2**

3) തീവണ്ടി എന്ന പദം വിഗ്രഹിച്ചെഴുതിയാൽ -

തീയും വണ്ടിയും
തീകൊണ്ട് ഓടുന്ന വണ്ടി
തീയുള്ള വണ്ടി
തീപോലെയുള്ള വണ്ടി **2**

4) പകയുടെ പ്രതീകമായി വിശേഷിപ്പിക്കപ്പെടുന്ന കഥാപാത്രമേത്?

ഭീമൻ
ദുര്യോധനൻ
കർണൻ
അശ്വത്ഥാമാവ് **2**

5) കോഴി, ഇറച്ചി എന്നീ പദങ്ങൾ ചേർത്തെഴുതിയാൽ -

കോഴിയെറച്ചി
കോഴി എറച്ചി
കോഴിയിറച്ചി
കോഴിഇറച്ചി **2**

6) വ്യാസ മഹാഭാരതത്തിലെ കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളെയും അടിസ്ഥാനമാക്കി കുട്ടിക്കൃഷ്ണമാരാർ രചിച്ച കൃതിയേത്?

കല ജീവിതം തന്നെ
രാജാങ്കണം
ഭാരതപര്യടനം
ദന്തഗോപുരം **2**

7) ജീവചരിത്രക്കുറിപ്പ് തയാറാക്കുക.
ഉണ്ണായിവാര്യർ ( 18-ാം നൂറ്റാണ്ട്) കുഞ്ചൻ നമ്പ്യാരുടെ സമകാലികൻ നളചരിതം ആട്ടക്കഥ (കേരള ശാകുന്തളമെന്ന് വിശേഷിപ്പിക്കപ്പെടുന്നു) മലയാളവും സംസ്കൃതവും ഇടകലർന്ന ഭാഷ. **6**

8) **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (4 മാർക്ക് വീതം)**

കാറ്റും മഴയും വരുമ്പോഴൊക്കെ അമ്മ പൂമുഖത്തു ചെന്നിരിക്കും. കൊച്ചു ചക്കരച്ചി ചതിക്കില്ല. കൊച്ചുചക്കരച്ചിയോടുള്ള അമ്മയുടെ ഈ മനോഭാവത്തിന്റെ കാരണങ്ങൾ എന്താവാം. നിഗമന ങ്ങൾ കുറിക്കുക?

9) നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
അമിത്ര വീരന്മാരെയമർക്കും വൻപടയും,
ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റും.

ഈ വരികളിൽ തെളിയുന്ന പുഷ്ക്കരന്റെ മാനസികാവസ്ഥ വിവരിക്കുക?

10) ചവറുകൾക്കു പകരം തൂക്കി നോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നനിക്കു തോന്നി. ലിംബാളെയുടെ ജീവിതാവസ്ഥ വിശദമാക്കുക? (അക്കർമാശി)

**ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക ( 6 സ്കോർ വീതം)**

11) "ഞാൻ എനിക്കു വേണ്ടി മരിച്ചവരുടെ ഒപ്പമെത്താൻ വെമ്പുകയാണ്"

"പുണ്യവും ത്രൈലോക്യ പ്രസിദ്ധവുമായ സ്വമന്തപഞ്ചകത്തിൽക്കിടന്നു മരിക്കയാൽ ഞാൻ ശാശ്വതലോകങ്ങൾ നേടും." ദുര്യോധനന്റെ സ്വഭാവ സവിശേഷതകൾ വിശകലനം ചെയ്തു കഥാപാത്ര നിരൂപണം തയാറാക്കുക?

12) "അവർ കണ്ണീരിൽക്കലർത്തിപ്പറഞ്ഞ കഥകൾ എന്നെ വികാരപരവശനാക്കി. അവർ പറഞ്ഞതെല്ലാം പാകപ്പെടുത്തി സ്വന്തം വകയായി ചില സരസ്വതിവിലാസങ്ങളും ചേർത്ത് ഞാൻ ആ മടയനായ മകനു തുടരെത്തുടരെ കത്തുകൾ എഴുതി അയച്ചു".... (ഞാൻ കഥാകാരനായ കഥ)

എസ്.കെ.പൊറ്റെക്കാടിനെ എഴുത്തിന്റെ ലോകത്തേക്ക് നയിച്ച സംഭവം ചുരുക്കിയെഴുതുക.

13) ചുവടെ കൊടുത്തിരിക്കുന്ന പദങ്ങൾ അകാരാദിക്രമത്തിലെഴുതി അർഥമെഴുതുക.

മേദിനി, അശ്വം, പാവനം, ഉച്ചാടനം, വൈരി

**താഴെ കൊടുത്തിരിക്കുന്ന നാലു ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. (8 സ്കോർ വീതം)**

14) "ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്" മതമേതായാലും മനുഷ്യൻ നന്നായാൽ മതി" തുടങ്ങിയ മഹത്തായ ജീവിതസന്ദേശങ്ങൾ നല്കിയ ശ്രീനാരായണഗുരുവിന്റെ മറ്റു ദർശനങ്ങൾ കൂടി കണ്ടെത്തി 'ശ്രീനാരായണഗുരു കേരളത്തിന്റെ നവോത്ഥാന നായകൻ' എന്ന വിഷയത്തിൽ ലഘൂപന്യാസം തയാറാക്കുക.

15) "മകനെ മൂടു മറക്കരുത്"
"മർക്കോസിന്റെ അപ്പൻ നിന്നെ മകനെപ്പോലെയാ വിചാരിച്ചിരുന്നത്"

"നന്ദി കെട്ട ഈ വംശത്തിന്റെ കൂടെ എനിക്ക് കഴിയാൻ മേല" . . . . നന്മയുടെ പ്രതീകമാണ് മത്തായിയുടെ അമ്മ.

ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം സമർഥിക്കുക.

16) കാടിനുള്ളിൽ പ്രപിതാമഹർ
കണ്ടതാണീക്കുതിരയെക്കാട്ടു പുൽ-
ത്തണ്ടു നൽകി വളർത്തി മുത്തശ്ശിമാർ..... (അശ്വമേധം)

ഈ വരികൾ വിശകലനം ചെയ്ത് സർഗശക്തിയുടെ കരുത്തിനെക്കുറിച്ച് കുറിപ്പെഴുതുക.

17) പഴയൊരു പുള്ളുവനാണല്ലോ ഞാൻ
പായും കുടയും നെയ്യും, പിന്നെ-
പ്പല കൈവേലകൾ ചെയ്യും. . . . നാടോടിപ്പാരമ്പര്യത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് കവിതയിൽ തെളിയുന്നത്. വിലയിരുത്തി ആസ്വാദനം എഴുതുക.

# മൂല്യനിർണയ സൂചിക (HI) STD X

| ചോദ്യ നമ്പർ | മൂല്യനിർണയ സൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ |
|---|---|---|---|
| 1 | യുദ്ധത്തിന്റെ പരിണാമം - കുട്ടികൃഷ്ണമാരാർ - അശ്വത്ഥാമാവ്<br>കോഴിയും കിഴവിയും - കാരൂർനീലകണ്ഠപിള്ള- മത്തായി<br>അക്കർമാശി - ശരൺകുമാർലിംബാള - ശാന്താആത്യ<br>ആത്മാവിന്റെ വെളിപാടുകൾ- പെരുമ്പടവം ശ്രീധരൻ - ദസ്തയോവിസ്കി<br>ഓണമുറ്റത്ത് - വൈലോപ്പിള്ളി - മാവേലിമന്നൻ | | 10 |
| 2 | അടിവരയിട്ട പദം ഉപയോഗിച്ച് ഉചിതമായ വാക്യം നിർമ്മിക്കുന്നു. | 2 | 2 |
| 3 | തീ കൊണ്ട് ഓടുന്ന വണ്ടി | 2 | 2 |
| 4 | അശ്വത്ഥാമാവ് | 2 | 2 |
| 5 | കോഴിയിറച്ചി | 2 | 2 |
| 6 | ഭാരതപര്യടനം | 2 | 2 |
| 7 | നൽകിയിരിക്കുന്ന സൂചന വികസിപ്പിക്കുന്നതിന്<br>- ജീവചരിത്രക്കുറിപ്പ് തയാറാക്കുന്നു. | 3 | 3 |
| 8 | സന്ദർഭ വിശകലനം നടത്തുന്നു.<br>നിഗമനങ്ങൾ കണ്ടെത്തുന്നു | 2<br>2 | 4 |
| 9 | സന്ദർഭ വിശകലനം നടത്തുന്നു.<br>മാനസികാവസ്ഥ വിവരിക്കുന്നു. | 2<br>2 | 4 |
| 10 | ആശയം വിശദമാക്കുന്നു<br>ലിംബാളയുടെ ജീവിതത്തെക്കുറിച്ച് എഴുതുന്നു. | 2<br>2 | 4 |
| 11 | ദുര്യോധനന്റെ സ്വഭാവസവിശേഷതകൾ വിശദമാക്കുന്നു<br>കഥാപാത്രനിരൂപണം നടത്തുന്നു. | 3<br>3 | 6 |
| 12 | സന്ദർഭം വിശദമാക്കുന്നു.<br>ആശയം വിശദീകരിക്കുന്നു. | 3<br>3 | 6 |
| 13 | അകാരാദിക്രമത്തിലാക്കുന്നു.<br>അശ്വം - കുതിര<br>ഉച്ചാടനം - ഇല്ലാതാക്കൽ<br>പാവനം - പവിത്രം<br>മേദിനി - ഭൂമി<br>വൈരി - ശത്രു | 1<br>1<br>1<br>1<br>1<br>1 | 6 |
| 14 | ശ്രീനാരായണഗുരുവിന്റെ സവിശേഷതകൾ കണ്ടെത്തുന്നു.<br>ഉപന്യാസം തയാറാക്കുന്നു | 4<br>4 | |
| 15 | സന്ദർഭം വിശദീകരിക്കുന്നു.<br>ആശയം വിപുലീകരിക്കുന്നു | 4<br>4 | 8 |
| 16 | വരികൾ വിശകലനം ചെയ്യുന്നു<br>കുറിപ്പു തയാറാക്കുന്നു | 4<br>4 | 8 |
| 17 | കവിതയുടെ ആശയം വിശദമാക്കുന്നു.<br>വിവരിക്കുന്നു. | 4<br>4 | 8 |